# SACRED HEART CONVENT GIRLS HIGHER SECONDARY SCHOOL, THRISSUR

Ph : 0487 2333313
Web : www.sacredheartthrissur.com
Email: sacredhsshm@gmail.com



# ACADEMIC MASTER PLAN

## 2025 - '26

# Academic Master Plan 2025-26

**SACRED HEART CGHSS**
**THRISSUR**

| | | |
|---|---|---|
| Name of School | : | **Sacred Heart C.G . H . S . S. Thrissur** |
| Educational District | : | Thrissur |
| Sub District | : | Thrissur East |
| Ward | : | 12 |
| Phone No. | : | 0487-2333313 |
| E-mail | : | www.Sacredhsshm@gmail.com |
| No. of Teaching Faculty | : | 44 |
| Non teaching Faculty | : | 7 |
| Total | : | 51 |

**Other faculties**

| | | |
|---|---|---|
| Spoken English | : | 1 |
| Computer | : | 1 |
| Noon Meal | : | 2 |
| Security | : | 1 |
| Abacus | : | 1 |

| മീഡിയം അടിസ്ഥാനമാക്കിയുള്ള കുട്ടികളുടെ എണ്ണം | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Std. | മലയാളം മീഡിയം | | | ഇംഗ്ലീഷ് മീഡിയം | | | തമിഴ് മീഡിയം | | | കന്നഡ മീഡിയം | | | ആകെ | | |
| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 5 | 0 | 9 | 9 | 0 | 318 | 318 | 0 | 0 | 0 | 0 | 0 | 0 | 0 | 327 | 327 |
| 6 | 0 | 10 | 10 | 0 | 310 | 310 | 0 | 0 | 0 | 0 | 0 | 0 | 0 | 320 | 320 |
| 7 | 0 | 11 | 11 | 0 | 323 | 323 | 0 | 0 | 0 | 0 | 0 | 0 | 0 | 334 | 334 |
| 8 | 0 | 11 | 11 | 0 | 323 | 323 | 0 | 0 | 0 | 0 | 0 | 0 | 0 | 334 | 334 |
| 9 | 0 | 20 | 20 | 0 | 378 | 378 | 0 | 0 | 0 | 0 | 0 | 0 | 0 | 398 | 398 |
| 10 | 0 | 28 | 28 | 0 | 369 | 369 | 0 | 0 | 0 | 0 | 0 | 0 | 0 | 397 | 397 |
| **Total** | **0** | **91** | **91** | **0** | **2067** | **2067** | **0** | **0** | **0** | **0** | **0** | **0** | **0** | **2158** | **2158** |

# ആമുഖം

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂർ നഗരം സഹിഷ്ണുതയുടേയും മതേതരത്വ വൈവിധ്യങ്ങളുടേയും കേളീനിലയമാണ്. മേളക്കൊഴുപ്പിന്റേയും വർണ്ണാഭമായ കുടമാറ്റത്തിന്റേയും നിറവിൽ തിടമ്പേറ്റി നിൽക്കുന്ന ഗജവീരന്മാരുടെ പ്രൗഢിയിൽ നിൽക്കുന്ന തിരുഹൃദയ വിദ്യാലയം തലമുറകളിലൂടെ വിജ്ഞാനം പകർന്നുകൊണ്ടിരിക്കുന്നു. നാടിനും ദേശത്തിനും പുത്തൻ ഉണർവ്വുള്ള പ്രതീക്ഷകളെ വാർത്തുകൊണ്ടിരിക്കുന്ന വിജ്ഞാന കേദാരമാണിത്. പഴമയുടെ പെരുമയും പുതുമയുടെ ഗരിമയും ഉൾക്കൊണ്ടുകൊണ്ട് 2025 – 26 അധ്യയന വർഷത്തിന്റെ വഴികാട്ടിയാ12

ണ് മാസ്റ്റർ പ്ലാൻ.

# ലക്ഷ്യങ്ങൾ

1. ഭരണഘടനാമൂല്യങ്ങളിൽ അടിയുറച്ച് നിന്നുകൊണ്ട് സാമൂഹിക മാറ്റത്തിനും സാംസ്കാരി കോന്നമനത്തിനും വേണ്ടി പ്രവർത്തിക്കുവാൻ ഭാവിതലമുറയെ പര്യാപ്തമാക്കുക.
2. I am 'Happy' എന്ന ആശയത്തിലൂന്നിക്കൊണ്ട് വിദ്യാലയപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടു പോകുന്നതിന്
3. ആസ്വാദ്യകരവും രസകരവുമായ രീതിയിൽ പഠനാന്തരീക്ഷം സൃഷ്ടിച്ച് കുട്ടികൾ പരി പൂർണ്ണ സാക്ഷരരും, ചതുഷ്ക്രിയാവൈഭവമുള്ളവരും ആയി മാറുന്നതിനും വെടിപ്പായും വൃത്തിയായും ആശയങ്ങൾ എഴുതുന്നതിനും പ്രയോഗിക്കുന്നതിനുമുള്ള ശേഷി നേടിയെ ടുക്കുന്നതിന്.
4. ഓരോ പ്രായത്തിലും നേടിയെടുക്കേണ്ട ശേഷികളും മൂല്യങ്ങളും സ്വായത്തമാക്കിയെന്ന് ഉറപ്പാക്കുന്നതിന്
5. ശാസ്ത്രതത്വങ്ങൾ നിത്യജീവിതത്തിലും ജനനന്മയ്ക്കുമായി ഉപയുക്തമാക്കുന്നതിന്.
6. തൊഴിൽ നൈപുണീ വികസനത്തിനായി പ്രവർത്തി പരിചയ വർക്ക് ഷോപ്പുകൾ ഒരുക്കു ന്നതിന്.
7. ആരോഗ്യവിദ്യാഭ്യാസം നല്കി കുട്ടികളെ സമ്പൂർണ്ണ ആരോഗ്യമുള്ളവരാകാൻ പരിശീലി പ്പിക്കുകയും അങ്ങനെ മാനവവിഭവ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്.
8. ശരിയായ ആത്മീയ സന്തോഷം ഓരോ വിദ്യാർത്ഥിക്കും നേടിയെടുക്കാൻ വിവിധ മെഡി റ്റേഷൻ, യോഗരീതികൾ, സുംബ ഡാൻസ് എന്നിവ അഭ്യസിക്കുന്നതിന്
9. ശാസ്ത്ര സാങ്കതിക രംഗത്തെ ഏറ്റവും വലിയ അറിവുകൾ സ്വായത്തമാക്കാനുള്ള ശേഷി നേടിയെടുക്കുന്നതിന്
10. രക്ഷിതാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതിന്.
11. ചരിത്ര സ്മാരക കേന്ദ്രങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് നടത്തുന്നതിനും ചരിത്ര അവബോധം സൃഷ്ടിക്കുന്നതിനും
12. ലഹരി വിരുദ്ധ ക്യാമ്പസ് എന്ന ആശയം കുട്ടികളിൽ ഊട്ടിയുറപ്പിച്ച് മൂല്യബോധമുള്ള ഒരു തലമുറയെ വളർത്തിയെടുക്കുന്നതിന്
13. പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിനുള്ള 3R തത്ത്വം (Reusem Reducem Recycle) കുട്ടികളിൽ ഊട്ടി യുറപ്പിക്കുന്നതിന് (Plastic Free Campus)
14. കുട്ടികളിൽ നല്ല ശീലങ്ങൾ വളർത്തിയെടുക്കുന്നതിന്, പരിശീലനം നൽകുന്നു. അതിനായി Prefect Students നെ കണ്ടെത്തുന്നതിനും Model Class കണ്ടെത്തുന്നതിനും
15. Lipstic free Campus

# സേക്രഡ് ഹാർട്ട് കോൺവെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ, തൃശ്ശൂർ

സംസ്കാര സമ്പന്നമായ തൃശൂർ നഗരത്തിന്റെ ഹൃദയഭാഗത്ത് പ്രശസ്തിയുടെ മകുടമണിഞ്ഞ് ഉന്നതശീർഷയായി നിൽകുന്ന സേക്രഡ് ഹാർട്ട് വിദ്യാനികേതനം 1920-ലാണ് ജന്മം കൊണ്ടത്. 1920 ജൂൺ 7ന് 106 ബാലികാബാലന്മാരാണ് അക്ഷരത്തിന്റെ മധുരം നുണയാൻ ഈ തിരുമുറ്റത്ത് ആദ്യമായി കാലുകുത്തിയത്. ഇന്ന് 5-ാം സ്റ്റാൻഡേർഡ് മുതൽ 10-ാം സ്റ്റാൻഡേർഡ് വരെ 29 ഡിവിഷനുകളിലായി 2100-ൽ പരം വിദ്യാർത്ഥികളെയും +2 വിഭാഗത്തിൽ 800 ഓളം വിദ്യാർത്ഥികളെയും, എൽ. പി. വിഭാഗത്തിൽ 800-ബാലികാബാലന്മാരെയും വിദ്യനൽകി വളർത്തി വലുതാക്കുന്ന അമ്മയാണ് ഈ സ്ഥാപനം. വിജ്ഞാന സാഗരതീരത്ത് നിൽക്കുന്ന ഈ ദീപസ്തംഭത്തിന് നാളിതുവരെ ദൈവം തന്ന അനുഗ്രഹങ്ങളെയെല്ലാം നന്ദിപൂർവ്വം സ്മരിക്കാം.

1921ൽ ഈ വിദ്യാലയത്തിന്റെ വളർച്ച കണ്ട് ഇതിനെ ഒരു അപ്പർ പ്രൈമറി വിദ്യാലയമായി ഉയർത്തി. 1927ൽ ആണ് കടിഞ്ഞൂൽ പുത്രിമാർ എന്ന് വിശേഷിപ്പിക്കാവുന്ന ആദ്യത്തെ ബാച്ച് വിദ്യാർത്ഥിനികൾ ഈ വിദ്യാലയത്തിൽ നിന്ന് പരീക്ഷയ്ക്ക് ഇരുന്നത്. അന്ന് അവർ പ്രശസ്തമായ വിജയം കരസ്ഥമാക്കുകയും ചെയ്തു. അന്ന് ആരംഭമിട്ട ആ ജൈത്രയാത്ര ഇന്നും അവിരാമം തുടർന്നുകൊണ്ടിരിക്കുന്നു.

പ്രശസ്തമായ പരീക്ഷാവിജയം നേടിയെടുക്കുക എന്നത് ഈ സ്ഥാപനത്തിന്റെ മഹത്തായ പാരമ്പര്യങ്ങളിൽ ഒന്നാണ്. 1994,1995, 1997 ഈ അദ്ധ്യയന വർഷങ്ങളിൽ പരീക്ഷയ്ക്ക് തുടർച്ചയായി സ്റ്റേറ്റിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ വിനീത ഉണ്ണികൃഷ്ണനും, സൂര്യാ രാംകുമാറും അമിത ജോയിയും ഈ വിദ്യാലയ ചരിത്രത്തിലെ പൊൻതിലകങ്ങളാണ്.

കലാ-സാഹിത്യരംഗങ്ങളിലും വിജയം നേടിയതിന്റെ വീരഗാഥ രചിക്കുവാൻ സേക്രഡ് ഹാർട്ടിനു കഴിയും. യുവജനോത്സവങ്ങളിൽ ഈ വിദ്യാലയം മുൻപന്തിയിൽ നിൽക്കുന്നു എന്നത് എടുത്തുപറയേണ്ടതുതന്നെയാണ്. സ്പോർട്സ് രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിക്കാൻ സ്കൂളിന് സാധിച്ചു. തികഞ്ഞ ആത്മാർത്ഥതയോടെയും തീക്ഷ്ണതയോടെയും പ്രവർത്തിക്കുന്ന ഒരു ഗേൾ ഗൈഡ് വിഭാഗവും, എൻ. സി. സി.യും, ജെ. ആർ. സിയും ലിറ്റിൽ കെറ്റ്സും ഇവിടെയുണ്ട്.

മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ ആധുനിക യുഗത്തിൽ വിദ്യാർത്ഥിനികളിൽ ആദ്ധ്യാത്മിക ബോധവും സന്മാർഗ്ഗ ചിന്തയും ഊട്ടിവളർത്തുന്നതിന് വേദോപദേശ ക്ലാസ്സുകളും സന്മാർഗ്ഗശാസ്ത്ര ക്ലാസുകളും ഇവിടെ നടത്തുന്നുണ്ട്. രൂപതാതലത്തിൽ ഈ വിഷയങ്ങളിൽ നടത്തുന്ന മത്സരങ്ങളിൽ സ്കോളർഷിപ്പുകളും അനവധി സമ്മാനങ്ങളും ഈ വിദ്യാലയത്തിന് ലഭിക്കാറുണ്ട്. KCSLസംഘടനയിൽ കത്തോലിക്കാ വിദ്യാർത്ഥിനികൾ മുൻപന്തിയിൽ തന്നെ നിൽക്കുന്നു. സാധുകുട്ടികൾക്ക് യൂണിഫോം, ഉച്ചഭക്ഷണം, പുസ്തകങ്ങൾ എന്നിവ നൽകുന്നതിനും അവർതന്നെ മുൻകയ്യെടുത്തു പ്രവർത്തിക്കുന്നു. സാമ്പത്തികശേഷി കുറഞ്ഞവരെ കണ്ടുപിടിച്ച് അവർക്ക് വീടുവെക്കുന്നതിനും അവരുടെ മറ്റാവശ്യങ്ങൾ നിർവഹിക്കുന്നതിനും ഉദാരമായ ധനസഹായം നൽകുകയും ഓണം, ക്രിസ്തുമസ് തുടങ്ങിയ അവസരങ്ങളിൽ അവർക്ക് പണവും ഭക്ഷണസാധനങ്ങളും കൊടുക്കുകയും ചെയ്യുന്നു.

ഒരു വിദ്യാലയത്തിന്റെ സർവ്വോതോന്മുഖമായ പുരോഗതിക്ക് അത്യന്താപേക്ഷിതമായ ഒരു ഘടകമാണല്ലോ അദ്ധ്യാപക-രക്ഷാകർതൃസംഘടന. എല്ലാ കാലത്തും സജീവമായി പ്രവർത്തിക്കുന്ന പി.ടി. എ. ഈ വിദ്യാലയത്തിലുണ്ട്.

1970-ൽ ഈ സ്ഥാപനത്തിന്റെ സുവർണ്ണജൂബിലി സാഘോഷം കൊണ്ടാടി. 1980-81 വർഷങ്ങളിൽ കേരള സംസ്ഥാനത്തിലെ ഏറ്റവും നല്ല വിദ്യാലയമെന്ന ബഹുമതിക്ക് ഈ വിദ്യാലയം അർഹമാകുകയും 1981 മാർച്ച് 20-ാം തിയതി അതിന്റെ പ്രതീകമായ ചാക്കേരി ട്രോഫി അന്നത്തെ ഹെഡ്മിസ്ട്രസ് ആയിരുന്ന സി. സീല വിദ്യാഭ്യാസ ഡയറക്ടറിൽ നിന്ന് ഏറ്റുവാങ്ങുകയുണ്ടായി. 1985-ൽ ഈ സ്ഥാപനത്തിന്റെ പ്ലാറ്റിനം ജൂബിലി 5 ദിവസത്തെ വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. ജൂബിലി സ്മാര

കമായി ഒരു മൂന്നുനില കെട്ടിടം സ്കൂളിനോടനുബന്ധിച്ച് പണിതുയർത്തി. കൂടാതെ മൂന്ന് വിദ്യാർത്ഥി നികൾക്ക് വീട് പണിതുകൊടുക്കുകയും ഒരു കമ്പ്യൂട്ടർ കോഴ്സ് ആരംഭിക്കുകയും ചെയ്തു.

സേക്രഡ് ഹാർട്ടിന്റെ പ്രശസ്തി തൃശൂരിലെ പരിസരങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുന്നില്ല. കേരള ത്തിലെ വിദ്യാഭ്യാസ രംഗത്ത് സേക്രഡ് ഹാർട്ടിന് അനിഷേധ്യമായ ഒരു സ്ഥാനമുണ്ട്. ഈ മഹനീയ സ്ഥാനം സമാർജ്ജിക്കുവാൻ അർപ്പണമനോഭാവത്തോടെ കർമ്മരംഗത്തേയ്ക്ക് കടന്നുവന്ന പ്രഗത്ഭമതി കളായ ഭരണസാരഥികളും അദ്ധ്യാപികമാരും ത്യാഗപൂർണ്ണമായ സേവനം ഈ സ്ഥാപനത്തിന് കാഴ്ച വെച്ചിട്ടുണ്ട്.

| | |
|---|---|
| 1983-84 | 5th Rank in the State and 1st in District |
| 1984-85 | 6th Rank in the state |
| 1985-86 | 11th and 12th Rank in the State |
| 1987-88 | 11, 12, 13 (2) and 15 th Rank in the State |
| 1988-89 | 3, 10, 11, 14 Rank in the State Ist in District |
| 1989-90 | 3rd in the District |
| 1990-91 | 9 (2),11 and 13th (2) Rank in the State |
| 1991-92 | 5th Rank and 14 th Rank (2) in the State |
| 1992-93 | 3rd Rank in the State , Ist rank in District |
| 1993-94 | Ist, 6th, 7th , 11th and 13th Rank in the District |
| 1994-95 | Ist, 5th, 7th and 13th Rank |
| 1995-96 | 4th, 10th, and 14th Rank |
| 1996-97 | 1st, 6th, 8th and 14th, 15th Rank in the State |
| 1997-98 | 5th (2), 6th and 14th Rank in the State |
| 1998-99 | 5th (2), 6th and 14th Rank in the State |
| 1999-2000 | 2nd, 3rd, 6th and 8th, 10th, 11th (2) and 12th |
| 2000-2001 | 2nd, 3rd, 5th, 10th (3), 11th, 12th, 13th and 15th Rnak |
| 2001-2002 | 4th (2), 14th (2), 15th (6) |
| 2002-2003 | 6th, 7th, 9th, 11th (2)) 14th (3) and 15th Rank |
| 2003-2004 | 4th, 9th, 11th, 12th (4) and 14 th ranks |

സ്കൂൾ ആരംഭത്തിൽ രണ്ട് വർഷം പിന്നിട്ട പ്രധാനാദ്ധ്യാപിക ആയിരുന്ന സി. അന്ന മേരിയും പിന്നീടുവന്ന സി. ക്രിസ്റ്റീന, സി. ബിയാട്രീസ് എന്നിവരും അവരെ തുടർന്ന് 34 വർഷം പ്രധാനാദ്ധ്യാപി കയായി സേവനമനുഷ്ഠിച്ച സി. ലുദ്വീക്കയുമായിരുന്നു ഈ സ്കൂളിന്റെ പ്രശസ്തിയ്ക്കുള്ള സുദൃഢ മായ അടിത്തറ പാകിയത്. അന്ന് കരഗതമായ ആ മഹത്തായ പാരമ്പര്യം നിലനിർത്തുവാൻ സി. സീല കലവറയില്ലാത്ത സേവനം ഈ സ്ഥാപനത്തിനായി അർപ്പിച്ചു. സമുന്നതമായ ആ പാരമ്പര്യം നില നിർത്തി ഈ സ്ഥാപനത്തെ വിജയത്തിന്റെ ഉന്നതിയിലേയ്ക്ക് നയിച്ച സി. സീലയ്ക്ക് ഏറ്റവും നല്ല അദ്ധ്യാപികയ്ക്കുള്ള നാഷണൽ അവാർഡ് 1981-ൽ ലഭിക്കുകയുണ്ടായി. സി. സീല റിട്ടയർ ചെയ്തതി നെത്തുടർന്ന് ഈ വിദ്യാലയത്തിന്റെ ഭരണസാരഥ്യം വഹിച്ച സി. ബർട്ടീന, ഈ സ്ഥാപനത്തെ ഉയർച്ച യിലേക്ക് കൊണ്ടുവരുന്നതിൽ അതീവ ശ്രദ്ധ പതിപ്പിച്ചിരുന്നു. 1990 ഏപ്രിൽ 1-ാം തിയതി പാവറട്ടി ക്രൈസ്റ്റ് കിങ്ങ് കോൺവെന്റ് ഗേൾസ് ഹൈസ്കൂളിലേയ്ക്ക് സ്ഥലം മാറിപ്പോയ സി. ബർട്ടീന 1992-ലെ അദ്ധ്യാപകർക്കുള്ള നാഷണൽ അവാർഡിന് അർഹയായി. സിസ്റ്ററുടെ പിൻഗാമിയായി ഈ സരസ്വതീ ക്ഷേത്രത്തിന്റെ ഭരണസാരഥ്യം വഹിച്ചത് സി. ഫെലീഷ്യനാണ്. ഈ സ്ഥാപനത്തെ ഉന്നതിയിലേക്ക് ഉയർത്താൻ സിസ്റ്റർ വഹിച്ച പങ്ക് നിസ്തുലമണ്. തന്റെ സേവനങ്ങൾക്ക് അംഗീകാരമായി 1995-ലെ അദ്ധ്യാപകർക്കുള്ള നാഷണൽ അവാർഡിന് സി. ഫെലീഷ്യൻ അർഹയായി. പിന്നീട് ഈ വിദ്യാലയ ത്തിന്റെ ഭരണസാരഥ്യം വഹിച്ച സി. ബാസ്സിം ഈ വിദ്യാലയത്തിന് അനുവദിച്ചുകിട്ടിയ പ്ലസ് ടു കോഴ്സിന്റെ ആദ്യത്തെ പ്രിൻസിപ്പലായിരുന്നു. 1999-ൽ സിസ്റ്റർ റിട്ടയർ ചെയ്തതിനെ തുടർന്ന് സി. മേഴ്സിന പുതിയ പ്രിൻസിപ്പലായി നിയമിതയായി. സ്തുത്യർഹമായ സേവനം കൈമുതലായ സി. മേഴ്സീന 2001-ൽ ഏറ്റവും നല്ല അദ്ധ്യാപകർക്കുള്ള സ്റ്റേറ്റ് അവാർഡിന് അർഹയായി. 2001-2002ലെ സ്കൂൾ വർഷത്തിൽ 1500 പോയിന്റ് നേടി തൃശൂരിലെ ഏറ്റവും നല്ല വിദ്യാലയമായി സേക്രഡ് ഹാർട്ട് സ്കൂൾ തിരഞ്ഞെടുക്ക പ്പെടുകയും “Urban Area” യിലെ ബെസ്റ്റ് സ്കൂൾ എന്ന ബഹുമതിക്ക് അർഹമായിത്തീരുകയും ചെയ്തു. 2003-2004 കായിക രംഗത്തെ മികച്ച പ്രകടനത്തെ ആസ്പദമാക്കി തൃശ്ശൂർ ജില്ലയിലെ “ബെസ്റ്റ് സ്കൂൾ”

എന്ന സ്ഥാനം കരസ്ഥമാക്കി. 2003–2004 ലെ മകിച്ച എസ്. എസ്. എൽ. സി. വിജയത്തിന് ഏർപ്പെടുത്തി യിട്ടുള്ള വർക്കിമാസ്റ്റർ മെമ്മോറിയൽ അവാർഡ് (25,000) ഈ വിദ്യാലയത്തിന്റെ പ്രിൻസിപ്പാൾ സി. മേഴ്സീനയ്ക്ക് ലഭിച്ചു.

മാർച്ച് 2005–ലെ പരീക്ഷയിലെ ഉന്നതവിജയത്തിന്റെ അടിസ്ഥാനത്തിൽ ആ വർഷത്തെ ചാക്കേരി ട്രോഫി സി. മേഴ്സീന 23.01.2006ൽ വിദ്യാഭ്യാസ മന്ത്രി ശ്രീ. ഇ.ടി. മുഹമ്മദ് ബഷീറിൽ നിന്ന് ഏറ്റുവാങ്ങി. 2008 ലെ ഹയർ സെക്കണ്ടറി പരീക്ഷയിൽ കൊമേഴ്സ് ഗ്രൂപ്പിൽ ഒന്നാം റാങ്ക് നേടി അനിത ടി. ആർ. ഈ വിദ്യാലയത്തിന്റെ പ്രശസ്തിക്ക് തിളക്കം വർദ്ധിപ്പിച്ചു. 2007 മാർച്ച് SSLC പരീക്ഷയിൽ 100% വിജയവും 58 ഫുൾ A+ഉം വാങ്ങിയിട്ടുള്ള വിദ്യാർത്ഥിനികൾ സേക്രഡ് ഹാർട്ട്സിന്റെ വിജയ കിരീടത്തിലെ അനർഘ രത്നങ്ങളാണ്. ആയിരമായിരം അനുമോദനങ്ങൾ.

2007–2008 ൽ ഒന്നാം സ്വാതന്ത്ര്യസമരത്തിന്റെ 15–ാം വാർഷികത്തോടനുബന്ധിച്ച് തൃശൂർ കൗസ്തുഭം ഹാളിൽ നടന്ന ആദരണീയം പരിപാടിയിൽ തൃശൂർ പൗരാവലി തെരഞ്ഞെടുത്ത് ആദരിച്ച 150 തേജോ പ്രതിഭകളിൽ ഒരാളായി സി. മേഴ്സീനയും അവാർഡ് ഏറ്റുവാങ്ങുകയുണ്ടായി. 2009 മാർച്ച് 31–ാം തിയ്യതി സി. മേഴ്സീന വിരമിച്ചതിനെ തുടർന്ന് സി. മരിയ ജോസ് പുതിയ ഹെഡ്മിസ്ട്രസ്സായി സ്ഥാനമേറ്റു. 2011 –2012 വർഷത്തിൽ എസ്. എസ്. എൽ.സി. പരീക്ഷയിൽ 100% വിജയം നേടുകയും 55 A+ വാങ്ങി ഈ വിദ്യാലയം മികവ് നിലനിർത്തുകയും ചെയ്തു. 2012 വർഷത്തിൽ തൃശൂർ നിയോജകമണ്ഡലത്തിൽ ഏറ്റവും കൂടുതൽ A+ നേടിയ ഈ വിദ്യാലയം കേന്ദ്ര മാനവശേഷി വകുപ്പ് മന്ത്രി ശ്രീ. കപിൽ സിബി ലിൽ നിന്നും അവാർഡ് ഏറ്റു വാങ്ങുകയുണ്ടായി. 2012–2013 വർഷത്തിൽ SSLC പരീക്ഷയിൽ 100% വിജ യത്തോടൊപ്പം 60 A+ വാങ്ങി. 2013–2014ൽ 67 A+ നേടി വീണ്ടും മികവ് നിലനിർത്തി. 2013ൽ മാനവവിഭ വശേഷി വകുപ്പ് മന്ത്രി ശ്രീ. ശശി തരൂരിൽ നിന്നും തൃശൂർ മണ്ഡലത്തിൽ SSLC പരീക്ഷയിൽ ഏറ്റവും കൂടുതൽ A+ വാങ്ങിയതിനുള്ള അവാർഡ് സി. മരിയ ജോസ് ഏറ്റുവാങ്ങുകയുണ്ടായി. 2014–15ൽ All india Catholic Union ന്റെ വിദ്യാരത്നം അവാർഡ് സി. മരിയ ജോസ് നേടുകയുണ്ടായി. 2015–16 വർഷത്തെ ജില്ലാ പി.ടി.എ. ബെസ്റ്റ് ടീച്ചർ അവാർഡ് സി. മരിയ ജോസ് ഏറ്റുവാങ്ങുകയുണ്ടായി. 2015–16 വർഷ ത്തിലെ ഏറ്റവും കൂടുതൽ A+നേടിയതിനുള്ള അവാർഡ് മുൻവർഷങ്ങളിലെ പോലെ ലഭിച്ചു. 2016–17 വർഷത്തിൽ 56 A+നേടി വിദ്യാലയത്തിന്റെ യശസ്സുയർത്തി. 2017–18 അദ്ധ്യയനവർഷത്തിൽ 361 കുട്ടികൾ എസ്. എസ്. എൽ. സി. പരീക്ഷ എഴുതി. അതിൽ 74 കുട്ടികൾ Full A+നേടി വിദ്യാലയത്തിന്റെ യശസ്സ് വാനോളം ഉയർത്തി.

2018–19 അദ്ധ്യായന വർഷത്തിൽ 393 കുട്ടികൾ എസ്. എസ്. എൽ. സി. പരീക്ഷ എഴുതുകയുണ്ടായി. 100% വിജയവും 105 കുട്ടികൾ Full A+ നേടി. ഈ വിദ്യാലയത്തിന്റെ 100–ാം വർഷത്തിൽ 105 Full A+ നേടി സേക്രഡ് ഹാർട്ട് എന്ന നാമം വാനോളം ഉയർത്തി.

2019 മാർച്ച് 31–ാം തിയതി സി. മരിയ ജോസ് വിരമിച്ചതിനെ തുടർന്ന് സി. പവിത്ര പുതിയ ഹെഡ്മി സ്ട്രസ്സായി ചുമതലയെടുത്തു. 2019–20 അദ്ധ്യയനവർഷത്തിൽ 403 കുട്ടികൾ എസ്. എസ്. എൽ.സി. പരീക്ഷ എഴുതി. അതിൽ 110 കുട്ടികൾ Full A+നേടി. 2020–21 അദ്ധ്യയന വർഷത്തിൽ 384 കുട്ടികൾ എസ്. എസ്. എൽ. സി. പരീക്ഷ എഴുതിയതിൽ 282 Full A+ നേടികൊണ്ട് ജില്ലയിൽ ഏറ്റവും കൂടുതൽ A+നേടിയ വിദ്യാലയം എന്ന സ്ഥാനം കരസ്ഥമാക്കി. 2021 മെയ് 31ന് സി. പവിത്ര തന്റെ ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിക്കുകയും പുതിയ ഹെഡ്മിസ്ട്രസ്സായി സി. ആഗ്നസ്സ് 2021 ജൂൺ 1ന് ചുമതലയേൽക്കുകയും ചെയ്തു.

2021–22 അദ്ധ്യയന വർഷത്തിൽ 374 കുട്ടികൾ എസ്. എസ്. എൽ.സി. പരീക്ഷ എഴുതുകയും 100 ശത മാനം വിജയവും 122 Full A4 ഉം കരസ്ഥമാക്കുകയും ചെയ്തു.

2022–23 അദ്ധ്യയന വർഷത്തിൽ 386 കുട്ടികൾ എസ്. എസ്. എൽ.സി. പരീക്ഷ എഴുതി. 100 ശതമാനം വിജയവും 168 ഫുൾ എ പ്ലസ് ഉം നേടികൊണ്ട് തിരുഹൃദയ വിദ്യാലയത്തിന്റെ യശസ്സ് വാനോളം ഉയർത്തി.

കൂട്ടായ പ്രവർത്തന വിജയത്തിന്റെ മകുടോദാഹരണമാണ് ഇവിടത്തെ അദ്ധ്യാപികമാർ. എല്ലാ കാലത്തും സ്വന്തം മക്കളെപ്പോലെ വിദ്യാർത്ഥികളുടെ ക്ഷേമത്തെ ലക്ഷ്യമാക്കി അവർ പ്രവർത്തിക്കു ന്നു. അവരെ നയിക്കുന്നതിനും അവരോടൊന്നിച്ച് പ്രവർത്തിക്കുന്നതിനും സഹകരണ മനോഭാവമുള്ള ഹെഡ്മിസ്ട്രസ്സുമാരെ ഇന്നുവരെ സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്.

ഭാവി തലമുറ ഈ വിദ്യാലയത്തിന്റെ മൂല്യങ്ങളെ ഉയർത്തിപിടിച്ച് അന്തസ്സോടും ആഭിജാത്യത്തോ ടുംകൂടി മുന്നോട്ടുനീങ്ങുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയാണ്. ഈ സ്ഥാപനത്തിന് നാനതലങ്ങളിലും

കൈവന്നിട്ടുള്ള ഉണർവ്വിനും ഉയർച്ചയ്ക്കും നിദാനം ഈ സ്ഥാപനത്തിന്റെ നായകനും മദ്ധ്യസ്ഥനുമായ ഈശോയുടെ തിരുഹൃദയത്തിന്റെ അനുഗ്രഹം മാത്രമാണ്. ഇതിലെ സന്താന പരമ്പര സേക്രഡ് ഹാർട്ടിന്റെ പരിമളം നാനാഭാഗത്തും പരത്തുവാൻ അവിടുന്നുതന്നെ ഇടയാക്കട്ടെ.

**വിദ്യാർത്ഥികളോട്**

മനുഷ്യന്റെ പരമാന്ത്യപ്രാപ്തിക്കുതകുംവിധം അവരിൽ ഉറങ്ങിക്കിടക്കുന്ന വിവിധ കഴിവുകളെ വളർത്തി രാഷ്ട്രനിർമ്മിതിക്കും സമുദായോന്നമനത്തിനും കഴിവുള്ള സ്വയം പര്യാപ്തയുള്ള ഉത്തമ പൗരന്മാരെ വളർത്തിയെടുക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ഈ മഹത്തായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് അതിന്റെ അർത്ഥവും വ്യാപ്തിയും മനസ്സിലാക്കുവാൻ വിദ്യാർത്ഥികൾ ശ്രമിക്കേണ്ടതാണ്. അന്വേഷണബുദ്ധിയും, സ്വതന്ത്രമനസ്സും, ഒരിക്കലും തളരാത്ത ഉത്സാഹശീലവും നിങ്ങളെ മഹത്വത്തിലേക്ക് ഉയർത്തും. നിരന്തര പരിശ്രമത്തിന്റെ ഉത്തമഫലമാണ് ഉയർച്ചയും വളർച്ചയും നിങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന സ്വഭാവ ഗുണങ്ങളും വളർത്തിയെടുക്കാൻ ശ്രമിക്കേണ്ടതാണ്.

നിങ്ങൾ ഒഴുക്കിനൊത്ത് ഒലിച്ചുപോകുന്ന വഞ്ചികളാകാതെ നിരീക്ഷണപാടവത്തോടെ നന്മതിന്മകളെ വിവേചിച്ചറിഞ്ഞ് നന്മയെ സ്വീകരിക്കാനും തിന്മയെ നിരാകരിക്കാനുമുള്ള പക്വത കൈവരിക്കണം. സേവനസന്നദ്ധതയും അദ്ധ്വാനശീലവും അർപ്പണമനോഭാവവും നിങ്ങളിൽ വളർന്നുകാണേണ്ടതാണ്. ജോലിചെയ്ത് ജീവിക്കുന്നത് അഭിമാനകരമാണെന്ന് നമ്മുടെ പ്രിയപ്പെട്ട പല നേതാക്കളും ഉപദേശിച്ചിട്ടുള്ളത് നിങ്ങൾ സദാ സ്മരിക്കണം. ജാതിമതഭേദമെന്യെ നിങ്ങൾ സ്നേഹത്തിലും സാഹോദര്യത്തിലും മുന്നേറണം. എല്ലാവരോടും വിശിഷ്യ ദരിദ്രരോടും സ്നേഹവും ദയയും പ്രദർശിപ്പിക്കുവാനും സത്യത്തിൽ വ്യാപരിക്കാനും നിങ്ങൾ ശ്രമിക്കേണ്ടതുണ്ട്.

സ്വഭാവ രൂപവത്കരണത്തിലൂടെയാണ് വ്യക്തിത്വം വളർന്നുവരുന്നത്. ഈ വ്യക്തിത്വ വളർച്ചയിൽ സ്വാതന്ത്ര്യത്തിനുള്ള സ്ഥാനം ഉന്നതമാണ്. എന്നാൽ യഥാർത്ഥ സ്വാതന്ത്ര്യം എന്തിലടങ്ങിയിരിക്കുന്നു എന്ന് നിങ്ങൾ ശരിയായി മനസ്സിലാക്കണം. നിങ്ങളുടെ വ്യക്തിത്വത്തിൽ അഭിമാനം കൊള്ളാനും മറ്റുള്ളവരുടെ വ്യക്തിത്വത്തെ മാനിക്കാനും നിങ്ങൾ സർവ്വദാ സന്നദ്ധരായിരിക്കണം.

ജ്ഞാനസമ്പാദനത്തിന് ആവശ്യമായ വായനാശീലം നിങ്ങൾ വളർത്തിയെടുക്കണം. പക്ഷെ വായിക്കാനുള്ള പ്രതിപത്തി വഴിപിഴച്ച ആശയങ്ങളിലേക്ക് നിങ്ങളെ നയിക്കാതിരിക്കട്ടെ.

എല്ലാ വിദ്യാർത്ഥികളും സത്യസന്ധതയും കൃത്യനിഷ്ഠയും ശുചിത്വവും തങ്ങളിൽ വളർത്തുവാൻ പരമാവധി ശ്രമിക്കണം. പെരുമാറ്റത്തിൽ മര്യാദയും സംസ്കാരവും ശാലീനതയും വസ്ത്രധാരണത്തിൽ വൃത്തിയും അടക്കവും ഒതുക്കവും പാലിച്ചുകൊണ്ട് തങ്ങളുടെ വിദ്യാലയത്തിന്റെ അന്തസ്സ് പരിപൂർണ്ണമായി നിലനിർത്തിപ്പോരാൻ പരിശ്രമിക്കുകയും വേണം. ആദർശനിഷ്ഠയും സന്മാർഗ്ഗബോധവും സർവ്വോപരി ഈശ്വരവിശ്വാസവുമുള്ള ഉത്തമ വിദ്യാർത്ഥികളായി വളർന്ന് നിങ്ങളുടെ കുടുംബത്തിനും മാത്രമല്ല സമുദായത്തിനും രാഷ്ട്രത്തിനും ലോകത്തിനും നിങ്ങൾ നന്മ ചെയ്യുന്നവരായിതീരട്ടെ.

ധീരതയോടും സ്ഥിരപരിശ്രമത്തോടും കൂടി തങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങളെ നേരിട്ടുകൊണ്ട് വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്കുവേണ്ടി രാപകൽ പ്രയത്നിക്കുന്ന ഒരു നല്ല അദ്ധ്യാപക വൃന്ദം നിങ്ങളുടെ പിന്നിലുണ്ട്. അവരെ നിങ്ങൾ അനുസരിക്കുക, ആദരിക്കുക, കാലത്തിന്റ എല്ലാ നീക്കങ്ങളിലും നിങ്ങൾ അവരോടൊത്ത് നീങ്ങുക.

ഈ വിദ്യാലയം നിങ്ങളുടേതാണ്. അതിനെ നിങ്ങൾ സ്നേഹിക്കുക. നിങ്ങളിലാണ് ഈ സ്ഥാപനത്തിന്റെ ശ്രേയസ്സ്. ഇതിന്റെ അന്തസ്സും ആഭിജാത്യവും ഉയിർത്തിക്കാട്ടേണ്ടത് നിങ്ങളാണ്.

ഈ സ്ഥാപനത്തിന്റെ മദ്ധ്യസ്ഥനായ ഈശോയുടെ തിരുഹൃദയത്തിന്റെയും നിങ്ങളുടെ ഗുരുജനങ്ങളുടെയും അനുഗ്രഹാശിസ്സുകൾ നിങ്ങളോടൊപ്പം സദാ ഉണ്ടായിരിക്കുന്നതാണ്.

**വിദ്യാലയ നിയമങ്ങൾ**

പഠനസമയത്തെ രണ്ട് ഘട്ടങ്ങളായി ഭാഗിച്ചിരിക്കുന്നു. കാലത്ത് 9.15 മുതൽ 12.45 വരെയും ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.00 വരെയുമാണ്. ഓരോ ഘട്ടവും തുടങ്ങുന്നതിന് മണിയടിക്കുമ്പോൾ മൗനമായി പഠിക്കേണ്ടതാണ്. കാലത്ത് രണ്ടാമത്തെ മണിക്ക് മോണിംഗ് അസംബ്ലി നടത്തുന്നതാണ്. അസംബ്ലിക്ക് വരുമ്പോഴും പോകുമ്പോഴും വിദ്യാർത്ഥികൾ ക്രമവും പരിപൂർണ്ണനിശബ്ദതയും പാലിക്കേണ്ടതാണ്.

ഓരോ വിദ്യാർത്ഥിയും അദ്ധ്യാപികമാരെ കാണുമ്പോൾ ആദരപൂർവ്വം അഭിവാദനം ചെയ്യേണ്ടതാകുന്നു. ഏതെങ്കിലും മേലധികാരികളോ അദ്ധ്യാപകരോ ക്ലാസിൽ പ്രവേശിക്കുമ്പോൾ വിദ്യാർത്ഥിനികൾ എല്ലാവരും എഴുന്നേറ്റ് നിന്ന് അഭിവാദനം ചെയ്യുകയും അവരിരുന്നതിനുശേഷമോ അല്ലെങ്കിൽ ഇരിക്കുവാൻ നിർദ്ദേശം ലഭിച്ചതിനുശേഷമോ മാത്രം ഇരിക്കുകയും ചെയ്യേണ്ടതാണ്. അവർ ക്ലാസ്സിൽ നിന്ന് പോകുമ്പോൾ വിദ്യാർത്ഥിനികൾ എഴുന്നേറ്റ് നിന്ന് നന്ദി രേഖപ്പെടുത്തേണ്ടതാണ്.

ക്ലാസിൽ പാഠങ്ങൾ എടുക്കുന്നത് വിദ്യാർത്ഥിനികൾ ശ്രദ്ധിക്കുകയും അവ നന്നായി പഠിച്ചുവരികയും വേണം. ക്ലാസ് സമയത്ത് പരിപൂർണ്ണ നിശബ്ദതയും അച്ചടക്കവും പാലിക്കേണ്ടതാണ്. ഒഴിവുസമയങ്ങളിലും ക്ലാസ് മുറികളിലും പരിസരങ്ങളിലും അവർ സംസാരിക്കുന്നത് താണ സ്വരത്തിലും അച്ചടക്കബോധത്തോടും കൂടിയായിരിക്കണം.

രാവിലെ സമയത്തിനുമുമ്പ് വിദ്യാലയത്തിൽ വരുന്ന കുട്ടികൾ അലഞ്ഞുതിരിഞ്ഞ് നടക്കുകയോ കളിക്കുകയോ ചെയ്യാതെ അവരവരുടെ ക്ലാസ്സുകളിലിരുന്ന് തങ്ങളുടെ വിലയേറിയ സമയം പഠനത്തിനായി ഉപയോഗിക്കേണ്ടതാണ്. ക്ലാസ്സ് സമയത്ത് ഒരു ക്ലാസ്സിൽ നിന്ന് കളിസ്ഥലത്തേയ്ക്കോ, ലബോറട്ടറിയിലേക്കോ മറ്റോ പോകുമ്പോൾ ഒറ്റവരിയായും മൗനമായും പോകേണ്ടതാണ്. വിദ്യാർത്ഥിനികൾ സാധാരണയായി സ്കൂളിലേയ്ക്ക് വരുമ്പോൾ യൂണിഫോം ധരിക്കേണ്ടതാണ്. (തിങ്കൾ, ചൊവ്വ, വ്യാഴം, വെള്ളി ദിവസങ്ങളിൽ ബ്ലൂ & വൈറ്റ് കളറും, ബുധനാഴ്ച ബ്രൗൺ & സ്കിൻ കളറും ശനിയാഴ്ച ബ്രൗൺ യൂണിഫോം ധരിക്കേണ്ടതാണ്) അസാധാരണ അവസരങ്ങളിൽ അവരവരുടെ ഏറ്റവും നല്ല വസ്ത്രങ്ങൾ ധരിക്കുന്നത് ഉചിതമാണ്. ആർക്കും സ്വർണ്ണാഭരണങ്ങൾ ധരിക്കുവാൻ അനുവാദമില്ല. **വിദ്യാർത്ഥിനികൾ മൊബൈൽ ഫോൺ ഉപയോഗിക്കാൻ പാടുള്ളതല്ല.**

സ്കൂളിൽ ഹാജരാകാൻ കഴിയാത്ത ദിവസം വിദ്യാർത്ഥിനികൾ തക്കതായ കാരണം കാണിച്ച് എഴുതിയ ലീവ് ലെറ്റർ രക്ഷിതാവ് ഒപ്പിട്ട് അവരവരുടെ അദ്ധ്യാപികമാരെ ഏൽപ്പിക്കേണ്ടതാണ്. ലീവിന് അനുവാദം ചോദിക്കാതെ തുടർച്ചയായി 15 ദിവസത്തിലധികവും സ്കൂൾ തുറന്ന ദിവസം മുതൽ തുടർച്ചയായി 5 ദിവസവും മുടങ്ങുന്നവരുടെ പേരുകൾ രജിസ്റ്ററിൽ നിന്ന് നീക്കം ചെയ്യുന്നതായിരിക്കും. അദ്ധ്യയന ദിവസങ്ങളുടെ 85% ഹാജർ ലഭിക്കാത്ത വിദ്യാർത്ഥിനികൾ അതിനുള്ള കാരണം വിശദമാക്കികൊണ്ടുള്ള അപേക്ഷയും മെഡിക്കൽ സർട്ടിഫിക്കറ്റും വർഷാവസാന പരീക്ഷയ്ക്ക് മുമ്പ് ഹാജരാക്കേണ്ടതാണ്.

5 ദിവസത്തിലധികം സ്കൂളിൽ ഹാജരാകാത്ത വിദ്യാർത്ഥിനികൾ വീണ്ടും വരുമ്പോൾ പ്രധാനാദ്ധ്യാപികയെ കണ്ട് ലീവിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്. അതിനുശേഷം വരുന്ന വിദ്യാർത്ഥിനികൾ പ്രധാനദ്ധ്യാപികയുടെ അനുവാദത്തോടുകൂടി മാത്രമേ ക്ലാസ്സിൽ പോകാവൂ.

പ്രത്യേക അനുവാദം കൂടാതെ ക്ലാസ്സിൽ നടത്തപ്പെടുന്ന പരീക്ഷകളിൽ നിന്നും വിദ്യാർത്ഥിനികൾ ഒഴിവെടുക്കുന്നത് ഗുരുതരമായ കൃത്യവിലോപമായി പരിഗണിക്കപ്പെടുന്നതാണ്. തക്കതായ കാരണമുണ്ടെങ്കിൽ തന്നെ വർഷാവസാന പരീക്ഷയിൽ നിന്ന് ഒഴിവെടുക്കണമെങ്കിൽ പ്രധാനാദ്ധ്യാപികയുടെ മുൻകൂട്ടിയുള്ള അനുവാദവും മെഡിക്കൽ സർട്ടിഫിക്കറ്റും ആവശ്യമാണ്.

വിദ്യാർത്ഥിനികളുടെ പുരോഗതി കാണിക്കുന്ന പ്രോഗ്രസ് റിപ്പോർട്ട് കൊടുത്തയക്കുമ്പോൾ അവ രക്ഷിതാക്കളെക്കൊണ്ട് ഒപ്പ് വെച്ച് മൂന്ന് ദിവസത്തിനകം ക്ലാസ് അദ്ധ്യാപികയെ എൽപ്പിക്കേണ്ടതാണ്.

രക്ഷിതാക്കൾ ഇടയ്ക്കിടെ വിദ്യാലയത്തിൽ വന്ന് അദ്ധ്യാപികമാരെ കാണുകയും തങ്ങളുടെ കുട്ടികളെ അന്വേഷിക്കുകയും ചെയ്യുന്നത് ആവശ്യമാണ്. ക്ലാസ് സമയത്ത് സന്ദർശകരെ കാണുക ആവശ്യമായി വരുമ്പോൾ അദ്ധ്യാപികമാരും വിദ്യാർത്ഥിനികളും പ്രധാനാദ്ധ്യാപികയുടെ അനുവാദം വാങ്ങേണ്ടതാണ്.

പ്രധാനാദ്ധ്യാപികയുടെ അനുവാദമില്ലാതെ വിദ്യാർത്ഥികൾക്കിടയിൽ യാതൊരു വിധത്തിലുള്ള നോട്ടീസുകളോ പ്രസിദ്ധീകരണങ്ങളോ വിതരണം ചെയ്യുവാനോ പണപ്പിരിവ് നടത്തുവാനോ പാടുള്ളതല്ല.

എല്ലാ മാസവും ഫസ്റ്റ് ഫ്രൈഡേ വിദ്യാർത്ഥിനികൾ ലൈബ്രറി പുസ്തകങ്ങൾ മാറ്റേണ്ടതാണ്. തേർഡ് ഫ്രൈഡേ ക്വിസ് പ്രോഗ്രാമുകളോ, ലിറ്ററി അസ്സോസിയേഷൻ മീറ്റിംഗുകളോ നടത്തേണ്ടതാണ്. ഇവയിലെല്ലാം വിദ്യാർത്ഥിനികൾ ആത്മാർത്ഥമായി സഹകരിക്കേണ്ടതാണ്.

ക്ലാസ് മുറികളും പരിസരങ്ങളും സ്കൂളിലെ സാധനങ്ങളും വൃത്തിയായി ക്രമമായും സൂക്ഷിക്കേണ്ടത് വിദ്യാർത്ഥിനികളുടെ ചുമതലയാണ്. അവർ ചുമരുകളിൽ എഴുതുകയോ സ്ഥലങ്ങൾ വൃത്തികേടാക്കുകയോ ചെയ്യാതിരിക്കാൻ അതീവ ശ്രദ്ധാലുക്കളായിരിക്കണം. അവർ അനധികൃതമായി അദ്ധ്യാപികമാരുടെ കസേരകളിൽ ഇരിക്കുകയോ ബോർഡിൽ എഴുതിയതു മായ്ക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു. സ്കൂൾ സാധനങ്ങൾക്കോ ലൈബ്രറി പുസ്തകങ്ങൾക്കോ എന്തെങ്കിലും നാശം വരുത്തിയാൽ വിദ്യാർത്ഥിനികൾ അത് പരിഹരിക്കേണ്ടതാണ്.

ക്ലാസ് സമയങ്ങളിൽ ക്ലാസിൽ നിന്നും വിദ്യാർത്ഥിനികൾ പോകുന്നത് അദ്ധ്യാപികയുടെ അനുവാദത്തോടുകൂടിയായിരിക്കണം. മറ്റു ക്ലാസ്സുകളിൽ പ്രവേശിക്കുന്നതിന് അതാതു ക്ലാസ്സുകളിലെ അദ്ധ്യാപികമാരുടെ അനുവാദം വാങ്ങേണ്ടതാണ്. എന്തെങ്കിലും ആവശ്യത്തിന് വീട്ടിലേക്ക് പോകണമെങ്കിൽ രക്ഷിതാവിന്റെ അനുമതിക്കത്തിനെ ആസ്പദമാക്കിയുള്ള പ്രധാനാദ്ധ്യാപികയുടെ അനുവാദം വാങ്ങേണ്ടതാണ്. വിദ്യാലയത്തിലെ ഫോണിലേക്ക് വിദ്യാർത്ഥിനികളെ വിളിച്ചുകൊടുക്കുന്നതല്ല. വിദ്യാർത്ഥിനികൾക്ക് വരുന്ന എഴുത്തുകൾ പരിശോധിച്ചതിനുശേഷമേ നൽകപ്പെടുകയുള്ളു. സ്കൂൾ വിട്ടാൽ വിദ്യാർത്ഥിനികൾ അവിടവിടെ അലസരായി നിൽക്കാതെ കഴിയുന്നതും വേഗം വീട്ടിൽ എത്തിച്ചേരുവാൻ ശ്രദ്ധിക്കണം.

വിദ്യാർത്ഥിനികളുടെ ആദ്ധ്യാത്മികവും മാനസികവും കായികവുമായ പുരോഗതിയെ ഉദ്ദേശിച്ച് സ്കൂളിൽ ഏർപ്പെടുത്തുന്ന വിവിധ പരിപാടികളിലും പ്രസ്ഥാനങ്ങളിലും ഉത്സാഹപൂർവ്വം പങ്കെടുക്കേണ്ടത് ഓരോ വിദ്യാർത്ഥിനിയുടേയും കടമയാണ്.

പതിവായി താമസിച്ച് ക്ലാസിൽ വരിക, തക്ക കാരണം കൂടാതെ ക്ലാസിൽ വരാതിരിക്കുക. അദ്ധ്യാപികമാരെ അനുസരിക്കാതിരിക്കുക. കളവ് പറയുക, വഞ്ചനാപരമായ ഏതെങ്കിലും പ്രവൃത്തികളിൽ ഏർപ്പെടുക മുതലായവ ഗുരുതരങ്ങളായ കുറ്റങ്ങളായി പരിഗണിക്കുന്നതാണ്.

നിയമങ്ങൾ വിദ്യാർത്ഥിനികളുടെ സ്വാതന്ത്ര്യത്തെ വരിഞ്ഞുകെട്ടാനുള്ളതല്ലെന്നും പ്രത്യുത അവ വിദ്യാർത്ഥി ജീവിതത്തെ സുഗമവും ശോഭനവുമാക്കുന്നതിനുവേണ്ടിയുള്ള സഹായങ്ങളാണെന്നും ശരിയായി ധരിച്ച് നിയമങ്ങളോട് പ്രതിപത്തിയും ബഹുമാനവും കാണിച്ച് ഉത്തമ വിദ്യാർത്ഥിനികളായിതീരാനും അങ്ങനെ വിദ്യാഭ്യാസ ലക്ഷ്യത്തിലെത്തിച്ചേരാനും പരിശ്രമിക്കേണ്ടത് ഓരോ വിദ്യാർത്ഥിനിയുടേയും കടമയാണ്. മേൽപറഞ്ഞ നിയമങ്ങൾക്ക് പുറമെ വിദ്യാലയത്തിന്റെ അന്തസ്സിനും സൽപ്പേരിനും വേണ്ടി രൂപീകൃതമാകുന്ന നിയമങ്ങളെല്ലാം എപ്പോഴും സ്വീകരിക്കുവാൻ വിദ്യാർത്ഥികൾ ബാദ്ധ്യസ്ഥരാണ്.

*****

# ACHIEVEMENTS 2024-25

The academic year 2024–25 was marked by a remarkable journey of excellence, creativity, and perseverance for our school. Our students showcased their talents and determination across a wide range of fields — from the vibrant stages of Kalolsavam to the intellectually rigorous platforms of Sasthrolsavam, and from thrilling sports arenas to national-level competitions. With hard work and commitment, they brought laurels not only to themselves but also to the entire school community.

| | | |
|---|---|---|
| NMMS Scholarship Winners | - | 5 Students |
| USS winners | - | 54 students |
| Gifted | - | 4 students |

## SSLC Examination 2024–25: A Record-Breaking Performance

Our school achieved an exceptional milestone in the **SSLC Examination 2024–25**, with an outstanding **151 students securing Full A+ in all subjects** & 41 Students scored 9 A+ This remarkable accomplishment reflects the unwavering dedication of our students, the tireless efforts of our teachers, and the strong academic culture nurtured within the school.The result is a proud testament to the quality of education, systematic preparation, and continuous support provided throughout the academic year. It also highlights the holistic and focused approach adopted by our institution in ensuring academic excellence.

## Academic Excellence – USS & Gifted Students (2024–25)

Our students once again proved their academic brilliance in scholarship and talent identification programs during the academic year 2024–25.

- A remarkable **54 students qualified for the Kerala Upper Secondary Scholarship (USS)** examination, a testament to their strong foundational learning and dedicated preparation. This is one of the highest achievements in the region, reflecting the consistent academic support and mentoring provided by our faculty.
- Additionally, **4 students were identified as 'Gifted'** under the government's talent development program, recognizing their exceptional cognitive abilities and potential for advanced learning.

These achievements affirm our commitment to nurturing academic excellence and identifying young minds with exceptional promise.

- **Aksharaayanam – State Level Selection:**

Demonstrating exceptional literary skills and deep language proficiency, a group of our students were selected to represent the school at the **State Level of the Aksharaayanam program**. This initiative promotes enriched language learning, reading habits, and creative expression. Their participation reflects the school's commitment to nurturing a love for literature and communication.

- **NMMS Scholarship Winners – 5 Students:**

In the highly competitive **National Means-cum-Merit Scholarship (NMMS)** examination, **five students** from our school emerged successful. This scholarship, awarded by the central government, supports deserving students from economically weaker sections in continuing their education and is a proud academic milestone for both students and school.

- **State Reading Competition – State Level Participation:**

One of our students also excelled in the **State Reading Competition conducted by library council**, where they advanced to the **State Level**, showcasing their critical reading abilities, comprehension, and public speaking skills. Their participation underscored the school's efforts in fostering reading as a habit and skill among learners.

## Academic Excellence Beyond the Classroom – 2024–25 Highlights

Our students continued to shine not only in curricular assessments but also in prestigious state-level academic programs and competitions.

**School Kalolsavam**

The **Kerala School Kalolsavam 2024–25** witnessed the brilliant artistic talents of our students as they excelled across multiple levels — from sub-district stages to the prestigious **state-level competitions**. The consistent performance of our students in classical, folk, literary, and musical art forms stands as a testament to the vibrant cultural life of our school.

**State Level Kalolsavam**

| | | |
|---|---|---|
| 1. Nangyarkooth | - A grade | - Nandana T |
| 2. Kathakali | - Agrade | - Nandana T |
| 3. Nadodinrutham | - Agrade | - Jenifter Tino |
| 4. Enghish skit | - A grade | |
| 5. Margamkali | - A grade | |
| 6. Nadanpattu | - A grade | |
| 7. Vrundavadhyam | - A grad | |
| 8. Mangalamkali | - A grade | |
| 9.Sanganrutham | - A grade | |
| 10. Group song | - A grade | |
| 11 Sanskrit drama | - A grade | |

**District Kalolsavan**

**UP General - First A grade**

**HS General - First Aggregate**

| | | |
|---|---|---|
| 1. | Group dance | – A grade 1st |
| 2. | Mohiniyattam | - Agrade |
| 3. | Bharathanadyan | – Agrade |
| 4. | Lalithaganam. | – Agrade |
| 5. | English Skit | – A grade 1st |

**Sub district Kalolsavam**

| | |
|---|---|
| HS Sanskrit Aggregate | First |
| UP Sanskrit Aggregate | Third |
| UP general Aggregate | IV th |
| HS general Aggregate | First. |

## Sasthrolsavam Achievements – 2024–25

The **Sasthrolsavam 2024–25** proved to be yet another proud chapter in our school's academic journey. Our students showcased exceptional talent and innovation across science, mathematics, social science, IT, and work experience, secured **Overall First Position at the Sub-District Level**.

**Sub district level**

**Overall-First**

**Mathematics**

UP Aggregate - First

HS Aggregate - First

**Work Experience**

UP Aggregate - First

HS Aggregate First

**Social Science**

Up Aggregate - Third

HS Aggregate - Second

**Science**

UP Aggregate - First

HS Aggregate First

IT

HS Aggregate - Third

**Work experience**

1. Umbrella making - 2nd
2. Economic nutrition 2nd
3. Embroidery – 3rd

**Social Science**

Local History - 3rd

**Sasthrolsavam state level**

Science Fair

CV Ramen Essay - A grade

## Sports and Games Achievements – 2024–25

The academic year 2024 – 25 marked an outstanding period of sporting excellence for our school. Our students showcased extraordinary dedication, stamina, and team spirit, earning top positions in a variety of disciplines at the **National, State, District, and Sub-District levels**, making us proud torch bearers of athletic excellence.

**National level**

1. Karate (under 50 kg) II nd Balamani P S
2. Shooting Jr. girls - Angel Mory Kattookkaran-Participation

**State Level**

**State School Games**

| | | | |
|---|---|---|---|
| 1. Badminton | Sub Jr. Girls - Gold | - | LENETA BINDY |
| 2. Football | Jr. Silver | - | Shelna Maria Sajit, Anusha MS |
| 3. Shooting - | Jr. Bronze | - | Angel Mary Kattukkaran |
| 4. Hockey | Sr. IV th | - | Liya Paul |
| 5. Swimming | Jr. IV th 200 m. Breast Stroke | | |
| | 4th - 200 m Individual Medley | | |
| | 100m Breast stroke | | |
| 6.Roller skating | Sr. 3000 m Road Race Vth | | Arya K Menon |
| | IVth 1000 m Rink Race | | Pavithra Renjith |

7. Roller Skating - Sr. Hansika V - 1000 m Rink Race-Gold

-500 m Rink Race - Gold

| | | |
|---|---|---|
| 8 Basketball - | Sr. - Gold | Linda Grace Biju |
| 9. Sepaktakraw | Sr. – Gold | P. S. Sameeksha |

**Revenue District Games**

| | | | | |
|---|---|---|---|---|
| 1. kho kho | - | Sub junior | - | First |
| 2. kho kho | - | senior | - | First |
| 3. Foot ball | - | senior | - | III rd |
| 4. Basket ball | - | senior | - | II nd |
| 5. Basket ball | - | Junior | - | II nd |
| 6. Basket ball | - | sub junior | - | II nd |
| 7. Foot ball | - | Junior | - | II nd |
| 8. Foot ball | - | Sub junior | - | IV th |
| 9. Volley ball | - | Sub junior | - | III rd |
| 10 Kabaddi | - | Senior | - | IIIrd |
| 11 Throwball senior- | | First | | |

**Sub-district level**

Games Overall - First

Kiddies girls overall- First

Sub junior girls over all - First

Junior girls and senior girls over all-second

**Girls Aggregate First.**

1. Roller skating (Age 14-17) - 3000 m Road Race -4th- Aarya K Menon

1000 m Road Race -6th Aarya K Menon.

(Age 11-14)-1000 m Rink Race –III rd - Pavithra Reji

**2. Shooting**

Liya Paul

| | | |
|---|---|---|
| Individual sub youth | -10m Air Rifle - | Gold |
| Group Sub youth | - 10 m Air Rifle - | Bronze |

Individual youth -10m Air Rifle - Gold

Angel Mary k

Individual - 10m peep sight - Bronze

Group 10 m peep sight Silver

3.Wushu Below 45 kg Bronze - Helan Saagi

4. Mini kho-kho - Sub Jr. -II nd - Dhara Suresh

5 Boxing (under 46) - IIIrd - Sreebala KR

(under 37) -IIIrd - Navaneetha

6 Fencing –II nd - Navanya v manoj

-II nd - Amaya Jasmine

7 Badminton - III rd - Lenatta

8. Arm wrestling (under 50kg) - Right II nd Roshna Robert.

9. Arm wrestling (under 50kg) - Left II nd Roshna Robert

10. Weight lifting - Sr. - 71 kg - Gold Shanet P Shaju

11.Weight lifting -Sr. -64 kg Silver Ann Mariya

12. Football Sr. - Silver - Biya Biju

13. Boxing Sr. 64 kg - Silves - Akshara C S

50 kg Bronze - Thanusree K M

14. Karate - Sr. 64 kg Bronze - Jennifer Jimmy

15. Fencing Sr. Bronze - Devika V D

16 Taekwondo - Sr. 42 kg -Bronze - Amrita K A

## NCC Achievements 2024-25


Our NCC cadets have demonstrated exceptional leadership, discipline, and skills, earning recognition at various levels. From national camps to district-level parades, our cadets have consistently excelled, bringing honor to our institution.

Some notable achievements include:

1. CPL CABHINANDHA P A Attended National Trekking Camp
2. CPL ANDREA ANIESH K Attended Inter group Thal Sainik Camp
3. Sergeant PARVANA REJI Attended Intergroup Republic day Camp
4. CPL SHREYA RUSSELL Attended Intergroup Republic day Camp
5. District level Independence day parade - first
6. District level Children’s day parade - first
7. District level Republic day parade - second
8. Combined Annual Day camp - overall second
9. Cadet Welfare Society Best Cadet Award - CPL Lakshmi CA
10. Cadet Welfare Society Scholarship - Cadet Lakshmi CA
11. Pre Commissioning Course for Associate NCC Officer -A grade

These achievements are a true reflection of the collective hard work, commitment, and spirit of both our NCC cadets and their dedicated instructors. We extend our warmest congratulations to everyone involved and wish them continued success in all their future pursuits!

# വിദ്യാലയം മികവിന്റെ കേന്ദ്രം



# നിലവിലെ അവസ്ഥ

കുട്ടികളുടെ സമഗ്രവികസനം ഉറപ്പാക്കുന്നതിനും കേരളത്തിന്റെ സാംസ്കാരികവും, സാമൂഹികവും, കാർഷികവും സർഗ്ഗാത്മകവുമായ പാരമ്പര്യം കാത്തുസൂക്ഷിക്കുവാനും നമ്മുടെ തൃശ്ശൂരിന്റെ സ്വന്തം സാംസ്കാരിക പൈതൃകത്തെ തിരിച്ചറിയുവാനും ഉതകുന്ന തലത്തിലേക്ക് വിദ്യാർത്ഥികളെ വാർത്തെടുക്കുക എന്നത് വിദ്യാലയത്തിന്റെ ചുമതലയാണ്. പഠനം കുട്ടികൾക്ക് അനുഭവവേദ്യമാകേണ്ടതുണ്ട്. വൈവിധ്യമാർന്ന പഠനപ്രവർത്തനങ്ങളിലൂടെ സാമൂഹിക പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ വിദ്യാലയത്തെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നു. ഗവേഷണാത്മക അധ്യാപനത്തിനും പഠനത്തിനും വിദ്യാലയം വേദിയായിക്കൊണ്ട് ശാസ്ത്രീയമായ നിരീക്ഷണ പരീക്ഷണങ്ങളിലൂടേയും ഫീൽഡ് ട്രിപ്പുകളിലൂടേയും സ്കൂളിന്റെ തനത് പാരമ്പര്യം നിലനിർത്തിക്കൊണ്ടും അറിവിന്റെ വാതായനങ്ങൾ കുട്ടികൾക്കായി ഈ വിദ്യാലയം തുറന്നുകൊടുക്കുന്നു. സാമൂഹിക പങ്കാളിത്തം വിദ്യാലയ പ്രവർത്തനങ്ങളെ മികവുറ്റതാക്കാൻ സഹായിക്കുന്നു.

അക്കാദമിക പ്രവർത്തനങ്ങളെ മികവുറ്റതാക്കി വിദ്യാലയത്തിന്റെ കരുത്ത് വർദ്ധിപ്പിക്കുക ഈ വിദ്യാലയത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യങ്ങളിൽ ഒന്നാണ്. അതിനായി മാതൃഭാഷാ ശേഷി വികാസം, ഗണിതശേഷി വികാസം, ഇതര ഭാഷാ മികവ്, ശാസ്ത്ര പരിപാടികൾ, സാമൂഹിക ശാസ്ത്ര പ്രവർത്തന പരിപാടികൾ, വായനാപരിപോഷണം, ലബോറട്ടറി ഉപയോഗം, ക്ലാസ്സ് ലൈബ്രറി, ഗവേഷണ പ്രവർത്തനങ്ങൾ, അനുദിന ക്വിസ്സ് മത്സരങ്ങൾ, ശാസ്ത്രഡയറി, പഠനയാത്രകൾ, കേട്ടെഴുത്ത്, ഫീൽഡ് ട്രിപ്പ്, നന്മ പുസ്തകം, പബ്ലിക്ക് ഓഫീസ് സന്ദർശനം, സെമിനാർ, വർക്ക് ഷോപ്പ്, കലാപഠനം, കരകൗശല വസ്തു പഠന ശില്പശാലകൾ, കായിക വിദ്യാഭ്യാസം, ഹോക്കി, ചെസ്സ്, ബാഡ്മിന്റൻ, സെപാക് ട്രാക്കോ, സ്കേറ്റിങ്ങ്, ഫെൻസിങ്ങ്, ഷൂട്ടിങ്ങ്, ബോക്സിങ്ങ്, സൈക്ലിങ്ങ് ഫുട്ബോൾ, ബാസ്ക്കറ്റ് ബോൾ, വോളിബോൾ, ഹാന്റ് ബോൾ, കബഡി, ഖൊഖൊ, ബോൾ ബാറ്റ്മിന്റൻ, തുടങ്ങി വിവിധ ക്യാമ്പുകൾ സംഘടിപ്പിക്കൽ തുടങ്ങിയവ ഈ വിദ്യാലയത്തിന്റെ പ്രവർത്തനങ്ങളിൽ ചിലതുമാത്രം. എയ്റോസിക്സ്, യോഗപരിശീലനങ്ങളും സ്കൂൾ തലത്തിൽ സംഘടിപ്പിച്ചു.

ഭൗതിക സാഹചര്യങ്ങൾ വികസനത്തിനായി പ്രത്യേക ശ്രദ്ധ ചെലുത്തുന്നു. വിവിധ കായിക മത്സരങ്ങൾക്കുതകുന്ന രീതിയിൽ സ്കൂൾ മുറ്റം നവീകരിച്ചു. ബാസ്ക്കറ്റ് ബോൾ, ഷട്ടിൽ കോർട്ടുകളുടെ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. വിദ്യാർത്ഥികൾക്ക് പഠനം അനുഭവവേദ്യമാകാൻ കമ്പ്യൂട്ടറും മറ്റ് അനുബന്ധ സൗകര്യങ്ങളും ഒരുക്കിയിരിക്കുന്നു. വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണ പദ്ധതികൾക്കായുള്ള പുതിയ സംവിധാനങ്ങൾ വിദ്യാലയത്തിൽ ഉണ്ട്. വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് ശുചിമുറികൾ വിദ്യാലയത്തിൽ സജ്ജമാണ്. വായനയ്ക്കും റഫറൻസിനുമായി ലൈബ്രറിയുടെ നവീകരണം, സ്കൂളിന്റെ സുഗമമമായ നടത്തിപ്പിന് സമൂഹത്തിന്റെ സാന്നിധ്യം ഉറപ്പിക്കുന്നതിനായി PTA, School Management Committee, Alumini, Cass PTA, MPTA, SGC, പൂർവ്വ അധ്യാപകർ, സന്നദ്ധ സംഘടനകൾ, എസ്.എം.സി. തുടങ്ങിയ സംഘടനകൾ ഏറെ താല്പര്യത്തോടെ പ്രവർത്തിക്കുന്നു.

**പരിമിതികൾ**

- കായിക പരിശീലനത്തിന് ആവശ്യമായ ഗ്രൗണ്ടിന്റെ അഭാവം.
- വൈകാരിക പക്വതക്കുറവ്

തകർന്ന കുടുംബാന്തരീക്ഷത്തിൽ നിന്നു വരുന്ന കുട്ടികളുടെ പ്രശ്നങ്ങൾ, നിരുത്തരവാദിത്വപരമായ പെരുമാറ്റമുള്ള കുട്ടികളുടെ ആധിക്യം

# MASTER PLAN 2025 - 26

## ENGLISH (H.S) SECTION

## KALEIDOSCOPE

**OBJECTIVES : - Develop Language Learning Skills**

| Objectives | ACTIVITy | Domain | DURATION | In - CHARGE Trs. |
|---|---|---|---|---|
| Develop English language skills through Performance especially in School Setting | Club Inauguration<br>Choreography<br>The Seven ages of man by william Shakespeare | Language Skill | June 13 | Sangeetha P. Johnson<br>Diva Davis<br>Semi Simon<br>Blessy Jose |
| Nurturing the habit of reading and learning English | Visiting Thrissur Public Library and giving ample opportunity for reading and sharing their ideas | Reading | July 25 | Divya Davis<br>Semi Simon |
| Develop Creative Writing Skills | Writing Competitions<br>Create an atmosphere for expressing themselves. Themes will be given and children express themselves through stories poem etc. | Writing | August 8 | Sangeetha P.Johnson<br>Blessy Jose |
| Encourages students to collect and reflect upon their discourses | Porfolio of discources students are given different themes. They write each discourses and consolidate them | Listening and writing | Sept 12 | Sangeetha P.Johnson<br>Divya Davis<br>Semi Simon<br>Blessy Jose |
| Develop creative writing techniave | Work shop on different geners of Literature chances are given for expressing themselves as speech, recitation, story writing and essay writing | Speaking Reading & Writing | Oct. 17 | Sangeetha P. Johnson<br>Divya Davis<br>Blessy Jose<br>Semi Simon |
| Identify the spelling skills | Spell Check<br>Words will be provided and the children identify the spelling of words | Listening and writing | Nov. 28 | Divya Davis<br>Blessy Jose |

| | | | | |
|---|---|---|---|---|
| Develop collabora-tion and communi-cative skills | English skit - Themes will be given. Enough time and direction are provided. They perform the script | Listening and Speaking | Jan. 9 | Sangeetha P. Johnson<br>Semi Simon |
| To develop Lan-guages skills through ICF | Digital Magazine Difference works prepaid by the students are digitals sed and formed as a digital book | Develop Digital Literacy | Feb 6 | Divya Davis<br>Blessy Jose |

# മലയാളം
# യു.പി. & എച്ച്.എസ്. പ്രവർത്തനങ്ങൾ

| പ്രവർത്തനം | ലക്ഷ്യം | മേഖല | കാലയളവ് | ചുമതല |
|---|---|---|---|---|
| ♦ **അക്ഷരാമൃതം:** ഭാഷാ കേളി പ്രീടെസ്റ്റ് : എല്ലാ കുട്ടികളും അക്ഷരമാല നോട്ടുപുസ്തകത്തിൽ എഴുതുന്നു. അക്ഷരമാലയുടെ ഉച്ചാരണം, ചിഹ്നങ്ങൾ, വാക്യഘടന, അടിസ്ഥാന വ്യാകരണം എന്നിവ ഉറപ്പിക്കുന്നു. നിഘണ്ടു തയ്യാറാക്കാൻ പരിശീലിപ്പിക്കുന്നു. | ഭാഷയുടെ അടിസ്ഥാന ശേഷി നേടുന്നു. ഭാഷാപരമായ പിന്നോക്കാവസ്ഥകൾ പരിഹരിക്കുന്നു. | അക്കാദമികം | ജൂൺ | മലയാളം അധ്യാപകർ |
| ♦ **സർഗ്ഗാത്മകം** അവധിക്കാലാനുഭവങ്ങൾ, വായനാനുഭവങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുള്ള പതിപ്പുകൾ തയ്യാറാക്കുന്നു. അവയുടെ പ്രദർശനം സ്കൂൾ തലത്തിൽ നടത്തുന്നു. | ക്രിയാത്മകതയും സർഗ്ഗശേഷിയും വർദ്ധിപ്പിക്കുന്നു. | ക്രിയാത്മകം | ,, | ,, |
| ♦ **വായനാമൃതം** ജൂൺ 19 വായനാദിനം (വായനാരം) പുസ്തകപരിചയം, വായനമത്സരം, ദൃശ്യാവിഷ്ക്കാരം ക്ലാസ്സ്, ലൈബ്രറി, പുസ്തക വിതരണം ക്വിസ്, തുഞ്ചൻ പറമ്പിലേക്കൊരു യാത്ര | വിദ്യാരംഗം, വായന ക്ലബ്ബ്, എന്നിവയുടെ പ്രവർത്തനം സജീവമാക്കുന്നു. കുട്ടികളിലെ വായനാശീലം സർഗ്ഗാത്മകത വളർത്തുന്നു. | സാംസ്ക്കാരികം ക്രിയാത്മകം | | |
| ♦ **ബഷീർദിനം** - കഥാപാത്രാവിഷ്ക്കാരം; കൃതികൾ പരിചയപ്പെടൽ, വിവിധ സാഹിത്യ രചനകൾ പരിചയപ്പെടൽ, എന്നിവ നടത്തുന്നു. ബഷീറിന്റെ പുസ്തകത്തിലെ ഭാഗങ്ങൾ നാടകമായി അവതരിപ്പിക്കുന്നു. | സാഹിത്യകൃതികളെയും രചയിതാക്കളേയും പരിചയപ്പെടുത്തുന്നു. | സാംസ്ക്കാരികം | ജൂലായ് | മലയാളം അധ്യാപകർ |

| | | | | |
|---|---|---|---|---|
| ♦ **ആർപ്പുമേളം** - കാവ്യാലാപനം, അഭിനയം, നാടൻപാട്ട്, തുടങ്ങിയ വിവിധ മേഖലകളിൽ മത്സരവും പരിശീലനവും നൽകുന്നു. നാടൻ പാട്ടിനെ നൃത്തരൂപവുമായി മേളിപ്പിക്കുന്നു. | സർഗ്ഗശേഷി, അഭിനയശേഷി, എന്നിവ വളർത്തുന്നു. | അക്കാദമിം, സർഗ്ഗാത്മകം | ആഗസ്റ്റ് | ,, |
| ♦ **മഷിപ്പച്ച**- എഴുത്തുകൂട്ടം രൂപീകരിക്കൽ, പുസ്തക ചർച്ച്, ചുമർ പത്രിക, സാഹിത്യ സാംസ്ക്കാരിക ചിത്രഗാലറി തയ്യാറാക്കൽ, പ്രസംഗ പരിശീലനം, ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ | കുട്ടിയിലെ എഴുത്തുകാരിയെ കണ്ടെത്തൽ, സദസ്സിനെ അഭിമുഖീകരിക്കാനുള്ള ശേഷി നേടൽ | അക്കാദമികം | സെപ്തംബർ, ഒക്ടോബർ, നവംബർ | ,, |
| ♦ **പുസ്തകപരിചയം**- പബ്ലിക്ക് ലൈബ്രറിയിലും അക്കാദമികളിലും നടത്തുന്ന ദേശീയ പുസ്തക, പെയിന്റിന് പ്രദർശനങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു. | പുസ്തകങ്ങളും പെയിന്റിംഗുകളും കാണാനും പരിചയപ്പെടാനുമുള്ള അവസരം | അക്കാദമികം | ജനുവരി | ,, |
| ♦ **ലോകമാതൃഭാഷാദിനം** പ്രതിജ്ഞ, കാവ്യാവിഷ്ക്കാരം, പ്രസംഗം | മാതൃഭാഷാപ്രാധാന്യം മനസ്സിലാക്കുന്നു. | അക്കാദമികം | ഫെബ്രുവരി | ,, |

# MASTER PLAN - HINDI

## पढ़ो लिखो खेलो

**ലക്ഷ്യം : ഓരോ വിദ്യാർത്ഥിക്കും പഠനപ്രവർത്തനം അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു. വിദ്യാർത്ഥികൾക്ക് ക്ലാസ്സ് മുറിയിലെ പ്രവർത്തനങ്ങൾക്ക് പുറമെ കലാപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.**

| ലക്ഷ്യം | പ്രവർത്തനം | മേഖല | കാലയളവ് | ചുമതല/ സാമ്പത്തികം |
|---|---|---|---|---|
| അക്ഷരങ്ങളും ചിഹ്നങ്ങളും തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. | **കൂട്ടുകൂടാം അക്ഷരങ്ങളോട്** ചെറുകഥകൾ, ചിത്രകാർഡ്, ചെറു കവിതകൾ, എന്നിവയുടെ ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. വായന കാർഡ് നിർമ്മാണം ഹിന്ദി വാർത്താ വായന ഹിന്ദി ക്ലബ്ബ് രൂപീകരണം | അക്കാദമികം | ജൂൺ ജൂലൈ | ഹിന്ദി ടീച്ചർ |
| ഹിന്ദി സാഹിത്യാഭിരുചി അന്തരീക്ഷം എഴുത്ത് അടിസ്ഥാന ശേഷികൾ മെച്ചപ്പെടുത്തൽ | **ഹിന്ദി സാഹിത്യകാരന്മാരോട് ചേർന്ന്** ഹിന്ദി ഗ്രന്ഥശാല സന്ദർശനം വ്യാഴം, വിവിധ ഹിന്ദി സാഹിത്യകാരന്മാരുടെ കവിത ശേഖരണം ഹിന്ദി ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മാണം, കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കൽ | സാമൂഹികം | ആഗസ്റ്റ് സെപതംബർ | ഹിന്ദി ടീച്ചർ |
| ഹിന്ദി ഭാഷയോടുള്ള താല്പര്യക്കുറവ് അവഗണന എന്നിവ നികത്തൽ | **പഠിക്കാം എഴുതാം കളിക്കാം** ഹിന്ദി ഗ്രന്ഥശാല സന്ദർശനം വ്യാഴം, വിവിധ ഹിന്ദി സാഹിത്യകാരന്മാരുടെ കവിത ശേഖരണം ഹിന്ദി ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മാണം, കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കൽ | സാമൂഹികം | ഒക്ടോബർ നവംബർ | ഹിന്ദി ടീച്ചർ |
| ഹിന്ദി ആശയ പ്രകടനത്തിനുള്ള ബുദ്ധിമുട്ട് മാറ്റുന്നതിന് അധികം പ്രാധാന്യം നൽകുന്നു. | **എനിക്കും പഠിക്കണം ഹിന്ദി** വിദ്യാർത്ഥികളുടെ ഇഷ്ടപ്പെട്ട കഥാപാത്രങ്ങളെ ഹിന്ദിയിൽ അവതരിപ്പിക്കുന്നു. സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ കുട്ടികൾക്ക് നൽകുന്നു. | അക്കാദമികം | ഡിസംബർ ജനുവരി ഫെബ്രുവരി | ഹിന്ദി ടീച്ചർ |

# SANSKRIT MASTERPLAN 2025 - 26

**Name : സരളസംസ്കൃതം**

**ലക്ഷ്യം : സംസ്കൃതത്തിൽ എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് ഉണ്ടാക്കുന്നു**

| ലക്ഷ്യം | പ്രവർത്തനം | മേഖല | കാലയളവ് | ചുമതല |
|---|---|---|---|---|
| കവിത പരിചയപ്പെടൽ | **ഗാനകേളി**<br>സംസ്കൃത കളരി, സംസ്കൃത ലഘുഗാനങ്ങൾ കേൾപ്പിക്കുന്നു. അക്ഷരഗാനം, സംഖ്യാഗാനം, സുഭാഷിതങ്ങൾ, ക്ലബ്ബ് രൂപീകരണം, നാടക കളരി<br>അക്ഷര ശ്ലോകസദസ്സ്, സാധ്യത പരമാവധി ഉപയോഗിച്ച് കേൾവിക്കുള്ള അവസരം നല്കന്നു. | കേൾവി | June<br><br>1 Year | Skt. Teachers<br>Nipin Sr.<br><br>Skt. Trs. |
| സംസ്കൃത ലേഖനത്തിൽ സാമർത്ഥ്യം | **അക്ഷരകേളി**<br>അക്ഷരങ്ങൾ എഴുതി പഠിക്കുന്നു. കുത്തുകൾ ഉപയോഗിച്ച് അക്ഷരങ്ങളുടെ എഴുത്തും വായനയും നടത്തുന്നു. ശബ്ദകോശം, ചിത്രപദകോശം, വാക്യരചന, സംഭാഷണ രചന, പ്രശ്നവാചക പദങ്ങൾ എന്നിവ എഴുതുന്നു. | എഴുത്ത് | 1 Year | Skt. Trs. |
| വിവിധ തനതു കലകളെ പരിചയപ്പെടുത്തുന്നു. | തനതു കലാപരിചയം | | ജൂലായ് | Hareesh Pasupathi |
| വിവിധ കലകളെ പരിചയപ്പെടുത്തുന്നു. | പദകേളി സംഭാഷണം, നാടകാദിനയം സംസ്കൃതദിനം, കലാപരിപാടികൾ, ധ്യേയ വാക്യങ്ങൾ, സുഭാഷിതങ്ങളുടെ ശേഖരം, സ്കൂൾ തല സംസ്കൃതോത്സവം | ആഗസ്റ്റ് | അവതരണം | Skt Trs Students |
| സാഹിത്യ സദസ്സ് | സാഹിത്യ രചനകളെ പരിചയപ്പെടുത്തി സബ്ജില്ലാതല സംസ്കൃതോത്സവത്തിന് പ്രാപ്തരാക്കുന്നു. | സെപ്തംബർ | അവതരണം | Skt Trs |
| ICT ഉപയോഗിച്ച് ഡോക്യുമെന്ററി നിർമ്മാണം | വിവിധ ഡോക്യുമെന്ററികൾ നിർമ്മിക്കൽ, ഫീൽഡ് ട്രിപ്പ്, സാഹിത്യ രചനാ ക്ലാസ്സ്<br><br>ജില്ലാ സംസ്കൃതോത്സവം | ഒക്ടോബർ<br><br>നവംബർ | അവതരണം | Skt Trs<br><br>Skt Trs & Students |

# PHANTOM WORLD

Science

# UP & HS SCIENCE

**പേര്** : PHANTOM WORLD

**ലക്ഷ്യങ്ങൾ** :

1. സയൻസ് ലാബ്, ലൈബ്രറി എന്നിവയുമായി ഇടപഴകുവാൻ കുട്ടികൾക്ക് വേണ്ടത്ര അവസരങ്ങൾ നല്കുക.
2. ശാസ്ത്ര ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
3. ശാസ്ത്രപഠനം ലളിതവും രസകരവും ആകർഷകവുമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുക.
4. ശാസ്ത്രാവബോധം നല്കുന്ന പഠനയാത്രകൾ സംഘടിപ്പിക്കുക, സയൻസ് വാർത്തകൾ ശേഖരിക്കുക, ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തുക.

| | **ലക്ഷ്യം** | **പ്രവർത്തനം** | **മേഖല** | **കാലയളവ്** | **ചുമതല** |
|---|---|---|---|---|---|
| 1. | അത്ഭുത കണ്ണിലൂടെ: കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം, എന്നിവ പരിപോഷിപ്പിക്കുന്നു | ലഘു പരീക്ഷണങ്ങൾ, സഹപാഠികൾക്ക് മുമ്പിൽ കാണിച്ചു കൊടുക്കാൻ അവസരം നൽകുന്നു. കുട്ടികളെക്കൊണ്ട് സയൻസ് കിറ്റിന്റെ സഹായത്തോടെ സ്വയം ചെയ്യാൻ ആവശ്യപ്പെടുന്നു. | അക്കാദമികം | 1 വർഷം | സയൻസ് ടീച്ചേഴ്സ് |
| 2. | ശാസ്ത്ര ദിനാചരണങ്ങൾ | ശാസ്ത്ര ദിനാചരണങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുന്നതിന് വിവിധ മത്സരങ്ങളും ബോധവത്ക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കുന്നു. ശാസ്ത്രദിനാചരണങ്ങളുടെ മൂല്യം വ്യക്തമാക്കാൻ ശാസ്ത്ര വാരങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമികം | 1 വർഷം | സയൻസ് ടീച്ചേഴ്സ് |
| 3. | പഠനയാത്രകൾ സംഘടിപ്പിക്കുന്നു. | കുറഞ്ഞത് തൃശ്ശൂർ ജില്ലയിലെ ശാസ്ത്രാവബോധം നൽകുന്ന സ്ഥലങ്ങൾ സന്ദർശിക്കുന്നു. | സാമൂഹികം | Termly | സയൻസ് ടീച്ചേഴ്സ് |

| | | | | | |
|---|---|---|---|---|---|
| 4. | സയൻസ് വാർത്താവതരണം<br>Science Quiz | ദിനപത്രങ്ങൾ, Magazines, google എന്നിവയിൽ നിന്ന് ശേഖരിച്ച് Assembly യിൽ അവതരിപ്പിച്ചു.<br>Science Quiz Term ൽ ഒരെണ്ണം നടത്തുന്നു.<br>ക്ലാസ്സ് തലങ്ങളിലും Quiz നടത്തുന്നു. | അക്കാദമികം<br><br>സാമൂഹികം | Monthly | Science teachers |
| 5. | സയൻസ് ലാബ്, ലൈബ്രറി എന്നിവ പരിചയപ്പെടുത്തുന്നു. | പരമാവധി പരീക്ഷണങ്ങൾ ചെയ്ത് ശാസ്ത്രപഠനം രസകരമാക്കുന്നു. ശാസ്ത്രപുസ്തകങ്ങൾ വായിച്ച് കുറിപ്പുകൾ തയ്യാറാക്കുന്നു. Science Magazine തയ്യാറാക്കുന്നു.<br>ശാസ്ത്രത്തിന്റെ അനന്തസാധ്യതകൾ മനസ്സിലാക്കാൻ Phet, K-Star, Stellasium എന്നിവ പരിചയപ്പെടുത്തുന്ന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | അക്കാദമികം | 1 വർഷം | Science teachers |

# SOCIAL SCIENCE - MASTER PLAN 2025 -26

Name : **ആനന്ദശാസ്ത്രം = സാമൂഹ്യശാത്രം**

**ലക്ഷ്യം** : **സാമൂഹ്യശാസ്ത്രപഠനത്തിലൂടെ, വിവിധ പ്രവർത്തനങ്ങളിലൂടെ സന്തോഷമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ പര്യാപ്തമാക്കുക.**

| ലക്ഷ്യം | പ്രവർത്തനം | മേഖല | കാലയളവ് | ചുമതല |
|---|---|---|---|---|
| ലഹരിവിരുദ്ധം | Bye - Bye **ലഹരി**<br>കഥ, നാടകാവിഷ്ക്കാരം, ശബ്ദ രേഖ എന്നിവ അവതരിപ്പിച്ച് ലഹരിവിരുദ്ധസന്ദേശം നൽകുന്നു. പ്രതിജ്ഞ ചൊല്ലിക്കുന്നു. തുടർന്ന് ഇതിനെ അടിസ്ഥാനപ്പെടുത്തി കഥ, കവിത, കാർട്ടൂൺ, ലേഖനം, ക്വിസ് എന്നിവ ഉൾപ്പെടുത്തി മാഗസിൻ നിർമ്മിക്കുന്നു. | അക്കാദമികം | ജൂൺ 2 ആഴ്ച | S.S. അധ്യാപകർ |
| കുട്ടികളിലെ നൈസർഗ്ഗിക കഴിവുകൾ കണ്ടെത്തുന്നതിന് | **ശില്പശാല**<br>പ്രസംഗം, നിർമ്മാണ വൈഭവം, ചിത്രരചനാ പാടവം, വാർത്താവതരണം എന്നിവയുമായി ബന്ധപ്പെട്ട് ശില്പശാല നടത്തുന്നു.<br><br>ഗുണം Vs ദോഷം<br>ജനസംഖ്യാദിനത്തോടനുബന്ധിച്ച് കാർട്ടൂൺ മത്സരവും കോമഡി സ്കിറ്റും സാമൂഹ്യ ശാസ്ത്രക്ലാസ്സിൽ നടത്തുന്നു. | അക്കാദമികം<br><br>അക്കാദമികം<br><br>സാമൂഹികം | ജൂൺ 3-ാം ആഴ്ച<br><br>ജൂലൈ ,, | S.S. അധ്യാപകർ |
| ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റുക | **സന്തോഷത്തോടെ ഒരു വോട്ട്**<br>School Election,Mock Parliament എന്നിവ നടത്തുന്നു. | സാമൂഹികം<br>അക്കാദമികം | ജൂലൈ 15 മുതൽ | S.S. അധ്യാപകർ |
| യുദ്ധ വിരുദ്ധ മനോഭാവം സൃഷ്ടിക്കുക | **അരുതേ യുദ്ധം**<br>ഹിരോഷിമ നാഗസാക്കി ദിനാചരണത്തോടനുബന്ധിച്ച് ടാബ്ലോ മത്സരം ഹൈസ്കൂൾ തലത്തിലും പ്രതീകാത്മക അലങ്കാരം യു.പി. തലത്തിലും നടത്തുന്നു. | അക്കാദമികം<br>സാമൂഹികം | ആഗസ്റ്റ് 6 | S.S. അധ്യാപകർ |

| | | | | |
|---|---|---|---|---|
| ചരിത്രസ്മാരക ങ്ങളെക്കുറിച്ച് അറിവ് നേടു ന്നു. | **ഫീൽഡ് ട്രിപ്പ്**<br>ഇയ്യാൽ, പാലിയം കൊട്ടാരം ഇവ സന്ദർശിച്ച് ഡോക്യുമെന്ററി തയ്യാ റാക്കുന്നു. | അക്കാദമികം<br>സാമൂഹികം | സെപ്തംബർ | S.S. അധ്യാപകർ |
| നിയമ വിദ്യാഭ്യാസം നൽകുക | **S.H. Court ഉദ്ഘാടനവും**<br>Chief Justice, മറ്റു Judge മാർ വക്കീലന്മാർ എന്നിവരെ തെര ഞ്ഞെടുക്കുന്നു. കുട്ടികളുടെ കേസുകൾ വാദിക്കുന്നു. | അക്കാദമികം<br>സാമൂഹികം | ഡിസംബർ 10<br>വർഷം മുഴുവൻ | S.S. അധ്യാപകർ |
| രാഷ്ട്രപിതാ വിനെ ആദരി ക്കുന്നു. | **ഗാന്ധി സ്മരണാഞ്ജലി**<br>ഗാന്ധിജിയുടെ പ്രതിമ അവിടെ സ്ഥാപിക്കുന്നു/ ഉദ്ഘാടനം ചെയ്യുന്നു.<br>ഗാന്ധിദിനാചരണങ്ങൾ നടത്തുന്നു. | അക്കാദമികം<br>സാമൂഹികം | വർഷം മുഴുവൻ | S.S. അധ്യാപകർ &<br>പി.ടി.എ. |

# MATHEMATICS MASTERPLAN 2025 - 26

**Name : The Cheerful Calculas**

**Objectives : To Equip our Students to enjoy mathematical concepts**

| Activities | Goal | Area | Duration | Incharge |
|---|---|---|---|---|
| **Chocopie (II)**<br>Creating graph to show emotions by assigning number to different feelings mathematical action are used according to certain situations | Equip our students to convert a data to a visual treat with the help of arithmatic operations | Academic<br>Social | June | Maths Teachers |
| **Brain and Beauty**<br>Using geometry to create smiley faces or other happy symbols | Explore and learn shapes angles and symmetry | Social<br>Creative | July | Maths Teachers |
| **Where numbers make sense**<br>Keeping a mathe journal for writing things they are grateful and hapy for each day | Encorage or students to convert emotions to percentages fraction etc. | Academic<br>Social | June to January | Maths Teachers Maths Club Members |
| **The math melodies**<br>Creating stories or songs incoporating mathmatical concepts. Write and perform skits | Help students to connect math to their everyday. Life and emotions | Creative<br>Social Academic | August<br>September | Maths Teachers Maths Club Members |
| **Shapes-tell stories**<br>Expert classes for maths club members on Role of Geogebra in learning maths | Help to understand mathematcal concept visually | Academic Creative | October | Maths Teachers Resource person |
| **Challanging Champions**<br>Slow learners in mathematics are selected from each class and given special training with the help of teacher and buddy friends | Make students happier by the presence of their friends & give personal attention | Academic<br>Social | June to February (Weekly once) | Maths Teachers |

| Activities | Goal | Area | Duration | Incharge |
|---|---|---|---|---|
| **The path to infinite possibilities** Workshop related to mathematics exhibition for interested students | Getting idea about all the items and thereby creating interest in them | Academic<br><br>Social | July<br>August | Maths Teachers |

# ART EDUCATION

| | Programme | Activity | Duration | Mateirals | പിന്തുണ | സാമ്പ ത്തികം |
|---|---|---|---|---|---|---|
| 1 | കുട്ടികൾക്ക് അഭിരുചി വളർത്തൽ സംഗീതനാടക അക്കാദമി സന്ദർശനം | സംഗീതത്തിലുള്ള കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു. | ജൂൺ | ICT | HM Parents Teachers | സ്കൂൾ |
| 2 | കുട്ടികളുടെ കലാപരമായ വാസനകളെ തിരിച്ചറിയാൻ രവിവർമ്മ മന്ദിരം നെല്ലിക്കുന്ന് സന്ദർശനം | ചിത്രരചന, നൃത്തം സംഗീതം, അഭിനയം ഏതാലാണ് കഴിവെന്ന് കണ്ടെത്തുന്നു. | ജൂൺ ജൂലൈ | ICT | HM Parents Teachers | സ്കൂൾ |
| 3 | മലയാള പുസ്തകത്തിലെ വിവിധ പദ്യങ്ങൾക്ക് ഈണം കൊടുക്കുന്നു. കേരള കലാമണ്ഡലം | ശ്രുതിയും താളവും എന്താണെന്ന് വിശദമാക്കി കൊടുക്കുന്നു. | ആഗസ്റ്റ് സെപ്തംബർ | ICT | HM Parents Teachers | സ്കൂൾ |
| 4 | ശ്രുതിയും താളവും | ആരോഗ്യപരമായ വ്യായാമം കുടുംബവഴി പഠിപ്പിക്കുന്നു. | ഒക്ടോബർ നവംബർ | ICT | HM Parents Teachers | സ്കൂൾ |
| 5 | സുംബനൃത്തം | കൂടുതൽ ഊർജ്ജത്തോടെ ചിരിക്കാൻ സുംബപഠിപ്പിക്കുന്നു. | ഡിസംബർ ജനുവരി | ICT | HM Parents Teachers | സ്കൂൾ |
| 6 | ചിത്രരചന സംഗീതം എന്നിവയിൽ താല്പര്യം വളർത്താൻ അവരെ സഹായിക്കുന്നു | ICT ഉപയോഗിച്ച് വീഡിയോസ് ചിത്രങ്ങൾ എന്നിവ കാണിക്കുന്നു | ഫെബ്രുവരി മാർച്ച് | ICT | HM Parents Teachers | സ്കൂൾ |

# INTEGRATED EDUCATION 2025-2026

| ലക്ഷ്യം | പ്രവർത്തനം | മേഖല | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| തൊഴിലധിഷ്ഠിത വിദ്യാഭ്യാസം സ്വന്തം കഴിവുകൾ തിരിച്ച് അറിയുക. ദൗർബല്യം തിരിച്ച് അതിന് തരണം ചെയ്യുക. വെല്ലുവിളികളെ തരണം ചെയ്യുക. | Self awareness | അക്കാദമികം | ജൂൺ - ജൂലൈ | ടീച്ചർ | സ്കൂൾ |
| കൃഷിരീതികളെ കുറിച്ച് അറിവ് ഇത്തിരി ഇടത്തിലും ഒത്തിരി വിളവ് എന്ന ആശയം എത്തിക്കുക | Agriculture | സാമൂഹികം | ആഗസ്റ്റ് സെപ്തംബർ | ടീച്ചർ | സ്കൂൾ |
| വിനോദ സഞ്ചാര മേഖലയിലെ വ്യവസായ സാധ്യതകൾ, സഞ്ചാരികളെ ആകർഷിക്കാനുള്ള മാർഗ്ഗങ്ങൾ തുടങ്ങിയ ആശയങ്ങൾ | Tourism & Hospitality | | ഒക്ടോബർ നവംബർ | ടീച്ചർ | സ്കൂൾ |
| ജൈവ അജൈവ വസ്തുക്കൾ തിരിച്ചറിയുക. അതിനെ ഉപയോഗയോഗ്യമായ വസ്തുക്കൾ ആക്കി മാറ്റുക എന്ന ആശയം | Waste Management | | ഡിസംബർ | ടീച്ചർ | സ്കൂൾ |
| പ്രകൃതിക്ക് നമ്മുടെ ജീവിതത്തിലുള്ള പ്രാധാന്യം, പരിസ്ഥിതി സംരക്ഷണം പ്രകൃതി വൈവിധ്യങ്ങൾ പരിസ്ഥിതി നാശം എന്നിവയെക്കുറിച്ച് മനസ്സിലാക്കുക | Environmental wellness | | ജനുവരി | ടീച്ചർ | സ്കൂൾ |
| വ്യക്തിബന്ധങ്ങളെക്കുറിച്ചും പരസ്പരസ്നേഹത്തെക്കുറിച്ചും മനസ്സിലാക്കുക മികച്ച ആശയവിനിമയം ഉറപ്പ് വരുത്തുക | Social Wellness | | ഫെബ്രുവരി | ടീച്ചർ | സ്കൂൾ |

# MASTER PLAN 2025 - 26
# Health and Physical Education HS/UP

Name : കായിക ലഹരി - Health and Physical Education

ലക്ഷ്യം : കായിക പ്രവർത്തനങ്ങളിലൂടെ ആരോഗ്യമുള്ള തലമുറയെ വളർത്തുക

| ലക്ഷ്യം | പ്രവർത്തനം | മേഖല | കാലയളവ് | ചുമതല |
|---|---|---|---|---|
| മാനസിക ഉല്ലാസം ശാരീരിക ക്ഷമത ഊർജ്ജ സ്വലത വളർത്തുക | Zumba Dance<br>ഓരോ ദിവസവും ഓരോ സ്റ്റാൻഡേർഡ്കാർക്ക് Zumba പഠിപ്പിക്കുന്നു. അങ്ങനെ എല്ലാ ക്ലാസ്സിനേയും പഠിപ്പിച്ചു ചെയ്യിപ്പിക്കുന്നു. | അക്കാദമികം<br>സാമൂഹികവും മാനസികവും | ജൂൺ മാസം | കായിക അദ്ധ്യാപികമാർ |
| കുട്ടികൾക്ക് വ്യായാമത്തിന്റെ ആവശ്യകത, ഓക്സിജന്റെ കൂടുതൽ ആയ ലഭ്യത ഇവ ഉറപ്പുവരുത്തുന്നു. | Aerobic Excercise<br>കുട്ടികളിൽ മാനസികവും ആരോഗ്യപരമായ, കായിക ക്ഷമതയും ഓക്സിജന്റെ അളവ് വർദ്ധിപ്പിക്കുന്നതുമായി എല്ലാ കുട്ടികളേയും Aerobics Exercise പഠിപ്പിക്കുന്നു. PT Period കളിലും Assembly യിലും | ശാരീരികം<br>വൈകാരികം<br>മാനസികം | ജൂലൈ മാസം | ,, |
| Yogasana യിലൂടേയും Meditation വഴിയായും ഏകാഗ്രത, ശ്രദ്ധ, ഫ്ളെക്സിബിലിറ്റി എന്നിവ വളർത്തുന്നു. | അയവ് & ശ്രദ്ധ<br>എല്ലാ കുട്ടികൾക്കും യോഗ പഠിപ്പിക്കുന്നു.<br>മെഡിറ്റേഷൻ എല്ലാ ദിവസവും രാവിലെ വന്ന ശേഷം അസംബ്ലിയ്ക്ക് മുൻപായി എല്ലാ കുട്ടികളും അദ്ധ്യാപകരും ചെയ്യുന്നു. | അക്കാദമികം<br>ശാരീരികം<br>ശാരീരികം<br>മാനസികം<br>വൈകാരികം | ആഗസ്റ്റ്<br>സെപ്തംബർ<br>ഒക്ടോബർ<br>നവംബർ | ,,<br>Phy Education Teachers |
| Sports man spirit<br>എല്ലാ കുട്ടികൾക്കും ഉറപ്പു വരുത്തുക ഏതെങ്കിലും മത്സരയിനങ്ങളിൽ മികവ് പുലർത്തുക | Olympians<br>വിവിധ സ്പോർട് ആന്റ് ഗെയിംസ് ഇനങ്ങൾ ആരോഗ്യം ഓരോ കുട്ടികളുടേയും അഭിരുചിക്കും സ്കിൽകൾക്കും അനുയോജ്യമായവ പഠിപ്പിച്ചുകൊണ്ട് മത്സരത്തിന് തയ്യാറെടുക്കുവാൻ പ്രാപ്തരാക്കുന്നു. ഏറ്റവും ഉയർന്ന തലത്തിൽ എത്തിച്ചേരുവാൻ ട്രെയിനിംഗ് കൊടുക്കുന്നു. | അക്കാദമികം<br>ശാരീരികം<br>ശാരീരികം<br>മാനസികം<br>വൈകാരികം | ഡിസംബർ<br>ജനുവരി | ,, |

| | | | | |
|---|---|---|---|---|
| Basic Skills<br>Like Marching Attention, Stand at ease, Jumping Styles etc പഠിപ്പിച്ചുകൊടുക്കുന്നു. | മുന്നോട്ട് നാം<br>ഒരു ലക്ഷ്യബോധവും ദിശ ബോധവും വളർത്തുന്നതിനും ശാരീരിക ചലനങ്ങളുടെ Correct രീതികളും March Past എന്നിവയും പഠിപ്പിക്കുന്നു. | ശാരീരികം<br>അക്കാദമികം<br>കായികം<br>മാനസികം | ഫെബ്രുവരി<br>മാർച്ച് | Phy Edu. Teacher |

# വിദ്യാരംഗം കലാസാഹിത്യവേദി 2025 – 26

| മാസം | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|
| ജൂൺ 19 | വായനശേഷി വളർത്തിയെടുക്കുക | വായനദിനം വായനക്കൂട്ടം, സ്കൂൾ ലൈബ്രറി നവീകരിക്കൽ, ക്ലബ്ബ് ഉദ്ഘാടനം, പ്രഭാഷണം, വായനമത്സരം | 1 മാസം | മലയാളം അധ്യാപകർ |
| ജൂലായ് 5 | ബഷീർ ദിനം | പുസ്തകചർച്ച ബഷീർ അനുസ്മരണം, പതിപ്പ് | ,, | ,, |
| ആഗസ്റ്റ് | മത്സരങ്ങൾ നടത്തുന്നു. 'സാഹിത്യകൂട്ടം' നടത്തുന്നു. (സബ്ജില്ലാതലം) | കഥ, കവിതാരചന, കാവ്യാലാപനം, ചിത്രരചന, പുസ്തകാസ്വാദനക്കുറിപ്പ് തയ്യാറാക്കൽ, അഭിനയം, നാടൻപാട്ട് | ,, | ,, |
| ഒക്ടോബർ | മത്സരങ്ങളുടെ ജില്ലാതലം നടക്കുന്നു. | കൂടുതൽ സർഗ്ഗാത്മകശേഷി നേടുന്നതിന് ഒരുക്കുന്നു. | | |
| ഡിസംബർ | സർഗ്ഗാത്മകശേഷി നേടുന്നു. | ചുമർപത്രിക, വ്യക്തിഗത രചന, സംഘരചന | 1 മാസം | മലയാളം അധ്യാപകർ |
| ജനുവരി | വിദ്യാരംഗം കലാസാഹിത്യ വേദിയുടെ സംസ്ഥാന തലം നടക്കുന്നു. | നാടൻപാട്ട്, കഥാരചന, കവിതാരചന, കാവ്യാലാപനം | 1 ദിവസം | ,, |
| ഫെബ്രുവരി | ലോകമാതൃഭാഷ ദിനം | പ്രസംഗം കാവ്യാലാപനം | ,, | ,, |

# Biology 2025 - 26

| Month | Event | Activity |
|---|---|---|
| ജൂൺ | ലോകപരിസ്ഥിതി ദിനം | ഉദ്ഘാടനം, കലാപരിപാടികൾ, വൃക്ഷതൈ ശേഖരണം, ബോധവത്ക്കരണ ക്ലാസ്സ്, വിദ്യാഭ്യാസ സാമൂഹിക മേഖലകളിലുള്ള ഉന്നത വ്യക്തികൾക്ക് മുളകുതൈ വിതരണം |
| ജൂലായ് | ശാസ്ത്രലോകത്തേക്ക് | സ്കൂൾ തല സയൻസ് എക്സിബിഷനിൽ കുട്ടികൾ നിർമ്മിച്ച മോഡൽ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. |
| ആഗസ്റ്റ് | ഹൈടെക് വേൾഡ് ശാസ്ത്രബോധം വളർത്തുക | ക്ലാസുകളിൽ ശാസ്ത്രമാസിക പ്രസിദ്ധീകരണം, സയൻസ് ലാബ് ആധുനികവത്ക്കരിക്കുന്നു. |
| സെപ്തംബർ | സെമിനാർ | കാർഡിയാക് ദിനാചരണത്തോടനുബന്ധിച്ച് സെമിനാർ അവതരണം |
| ഒക്ടോബർ | സസ്യങ്ങളുടെ വിസ്മയ ലോകം | Bio - diversity Register നിർമ്മാണം |
| നവംബർ | വൈജ്ഞാനിക ബഹിർസ്ഫുരണം | സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ് , പ്രൊജക്ട് എന്നിവയിൽ പങ്കെടുക്കുന്നു. |
| ജനുവരി | Visit to agriculture Sector | കാർഷിക സർവ്വകലാശാല സന്ദർശനം |

# ലിറ്റിൽ കൈറ്റ്സ് പ്രവർത്തന കലണ്ടർ 2025 – 2026

| ക്രമ നമ്പർ | വിഭാഗം | പൊതു പ്രവർത്തനങ്ങൾ | ബാച്ച് 1 (ക്ലാസ്സ് – 8) | ബാച്ച് 2 (ക്ലാസ്സ് – 9 | ബാച്ച് 3 (ക്ലാസ് – 10) |
|---|---|---|---|---|---|
| 1 | ജൂൺ | ജില്ലാ കോ - ഓർഡിനേറ്റർമാരുടേയും ജില്ലാ ചുമതലക്കാരുടേയും യോഗം കൈറ്റ് മാസ്റ്റർമാരുടെ യോഗം കൈറ്റ് മാസ്റ്റർമാരുടെ യോഗം (online) | അഭിരുചി പരീക്ഷ | ക്ലാസ് 1 അനിമേഷൻ<br><br>ക്ലാസ് 2 അനിമേഷൻ | |
| 2 | ജൂലായ് | കൈറ്റ് മാസ്റ്റർമാരുടെ അവലോകനയോഗം | പ്രിലിമിനറി ക്യാമ്പ് ജൂലൈ 1, 8, 15, 22<br><br>ക്ലാസ് 1 ഹൈടെക് ഉപകരണ സജ്ജീകരണം | ക്ലാസ് 3 മൊബൈൽ ആപ്പ് നിർമ്മാണം<br><br>ക്ലാസ് 4 മൊബൈൽ ആപ്പ് നിർമ്മാണം | |
| 3 | ആഗസ്റ്റ് | | ക്ലാസ് 2 ഗ്രാഫിക് ഡിസൈനിങ് | ക്ലാസ് 5 നിർമ്മിതബുദ്ധി<br><br>ക്ലാസ് 6 നിർമ്മിത ബുദ്ധി | |
| 4 | സെപ്തംബർ | | ക്ലാസ് 3 ഗ്രാഫിക് ഡിസൈനിംഗ് ക്ലാസ് 4 അനിമേഷൻ | ക്ലാസ് 7 നിർമ്മിതബുദ്ധി സ്കൂൾ തല ക്യാമ്പ് | |
| 5 | ഒക്ടോബർ | കൈറ്റ് മാസ്റ്റർമാരുടെ അവലോകന യോഗം | ക്ലാസ് 5 അനിമേഷൻ<br><br>ക്ലാസ് 6 മലയാളം കമ്പ്യൂട്ടിങ് | ക്ലാസ് 8 ഇലക്ട്രോണിക്സ്<br><br>ക്ലാസ് 9 റോബോട്ടിക്സ് | വ്യക്തിഗത അസൈൻമെന്റ് സമർപ്പണം |

| ക്രമ നമ്പർ | വിഭാഗം | പൊതു പ്രവർത്തനങ്ങൾ | ബാച്ച് 1 (ക്ലാസ്സ് – 8) | ബാച്ച് 2 (ക്ലാസ്സ് – 9 | ബാച്ച് 3 (ക്ലാസ് – 10) |
|---|---|---|---|---|---|
| 6 | നവംബർ | | ക്ലാസ് 7<br>മലയാളം കമ്പ്യൂട്ടിങ്<br><br>ക്ലാസ് 8<br>മലയാളം കമ്പ്യൂട്ടിങ് | ക്ലാസ് 11<br>റോബോട്ടിക്സ്<br><br>ക്ലാസ് 12<br>റോബോട്ടിക്സ്<br><br>ക്ലാസ് 13<br>റോബോട്ടിക്സ്<br><br>ഉപജില്ലാ ക്യാമ്പ് | ഗ്രൂപ്പ് അസൈൻമെന്റ് സമർപ്പണം |
| 7 | ഡിസംബർ | | ക്ലാസ് 9 – 13<br>മീഡിയ &<br>ഡോക്യുമെന്റേഷൻ<br>(ഒരു ശനിയാഴ്ച) | ക്ലാസ് 14<br>റോബോട്ടിക്സ് | |
| 8 | ജനുവരി | കൈറ്റ് മാസ്റ്റർമാരുടെ അവലോകന യോഗം | ക്ലാസ് 14<br>ബ്ലോക്ക് പ്രോഗ്രാമിങ്<br><br>ക്ലാസ് 15<br>ബ്ലോക്ക് പ്രോഗ്രാമിങ് | ക്ലാസ് 15<br>ഡെസ്ക്ടോപ് പബ്ലിഷിങ്<br><br>ക്ലാസ് 16<br>ഡെസ്ക് ടോപ് പബ്ലിഷിങ്<br>ഡിജിറ്റൽ മാഗസിൻ പ്രസിദ്ധപ്പെടുത്തൽ<br><br>ജില്ലാ ക്യാമ്പ് | |
| 9 | ഫെബ്രുവരി | | സ്കൂൾ തല ക്യാമ്പ് | ക്ലാസ് 17<br>ഡെസ്ക്ടോപ് പബ്ലിഷിങ് | |

# NCC

| | | |
|---|---|---|
| May | - | CAT C Camp |
| June | - | Yoga day |
| July | - | Foot Policing |
| August | - | 15th Parade |
| September | - | Puneeth Sagar Abhiyan |
| October | - | Cleaning drine |
| November | - | Children's day parade |
| | | Anti drug programme |
| | | NCC Day |
| December | - | Dress Bank |
| | | CAT C Camp |
| January | - | Republic Day |
| February | - | A Cert Exam |

## Junior Red Cross 2025 - 2026

| | | |
|---|---|---|
| June | - | ലോക ലഹരി ദിനം - റാലി |
| July | - | Std V and VIII Junior Red Cross Cadetes തെരഞ്ഞെടുപ്പ് |
| August | - | Speech Competition, വൃദ്ധസദനം സന്ദർശനം |
| September | - | Quiz Competition |
| October | - | Gandhijayanthi<br>Cleaning Programme |
| November | - | Seminar for C level<br>Cadets (Traffic and First aid) |
| December | - | C Level Exam |
| January | - | A Level and B Level exams |
| February | - | Basic level exam |
| March | - | 'പറവകൾക്കൊരു പാനപാത്രം' Project |

# പരിമിതികൾ

**ഭൗതികം**

കായികവിദ്യാഭ്യാസത്തിനാവശ്യമായ  സ്കൂൾ ഗ്രൗണ്ടിന്റെ അഭാവം. കുട്ടികൾക്ക് ഒന്നിച്ച് കൂടുവാനുള്ള ഹാൾ ഇല്ലായ്മ.

**അക്കാദമികം**

ഒന്നു മുതൽ 10 വരെയുള്ള ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ശേഷികൾ പ്രതീക്ഷിത നിലവാരത്തിൽ നേടാൻ കഴിയുന്നില്ല.

കുട്ടികൾക്ക് പഠനത്തിലുള്ള താല്പര്യക്കുറവ്, മുൻക്ലാസ്സിൽ ആർജ്ജിക്കേണ്ട ശേഷികൾ മുഴുവനായും ആർജ്ജിച്ചിട്ടില്ല. വൈകാരിക പക്വതക്കുറവ്

പഠനവിടവ്, ഉദ്ദേശിച്ച ശേഷികൾ നേടാൻ വിദ്യാർത്ഥികൾക്ക് തടസ്സമാകുന്നു.

രക്ഷിതാക്കളുടെ സഹകരണക്കുറവ് വിദ്യാർത്ഥികളുടെ പഠനത്തിനും സ്വഭാവരൂപീകരണത്തിനും തടസ്സമാകുന്നു.

ജോലിഭാരം മാതാപിതാക്കളെ കുട്ടികളിൽ നിന്നും വിദ്യാലയത്തിൽ നിന്നും അകറ്റുന്നു.

**സാമൂഹികം**

സാമൂഹ്യമാധ്യമങ്ങളുടെ അതിപ്രസരണം കുട്ടികളിൽ മൂല്യച്യുതിയും മാനസിക അപക്വതയും ഉണ്ടാക്കുന്നു.

ബ്രോക്കൺ ഫാമിലിയുടെ എണ്ണക്കൂടുതൽ കുട്ടികളിൽ സ്വഭാവ വൈകൃതങ്ങൾ കൂടുകയും ഇത് സ്കൂളിന്റെ തനതു പാരമ്പര്യത്തിലേക്ക് ഉയർത്താൻ തടസ്സമാകുന്നു.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## ഭൗതികം

വിദ്യാലയമുറ്റം കായിക പരിശീലനത്തിനുതകുന്ന വിധം ക്രമീകരിക്കുക. അതിനോടൊപ്പം തൃശ്ശൂരിലെ മറ്റു സ്ഥാപനങ്ങളുടെ സഹായം ഉപയോഗപ്രദമാക്കുക.

## അക്കാദമികം

വിദ്യാർത്ഥികളിലെ തനതായ കഴിവുകൾ കണ്ടെത്തി അവയെ വളർത്താൻ യോജിച്ച രസകരമായ പഠനപ്രവർത്തനങ്ങൾ ഒരുക്കുന്നു. പാഠ്യപദ്ധതി അനുശാസിക്കുന്ന രീതിയിൽ വിദ്യാർത്ഥികളുടെ അക്കാദമിക് നിലവാരം ഉയർത്തുന്നതിനായി പ്രീലിസ്റ്റ്, അടിസ്ഥാന ശേഷീവികസന പരിപാടി സംഘടിപ്പിക്കുക, ശിൽപ്പശാല, Fieldtrip, ബോധവൽക്കരണ ക്ലാസ്സ്, സാഹിത്യസദസ്സ്, പേപ്പർ പ്രസന്റേഷൻ, നാടകക്കളരി തുടങ്ങിയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

## സാമൂഹികം

മാനസികവും ശാരീരികവും, വൈകാരികവുമായ സ്ഥിരതയും പക്വതയും കൈവരിക്കാൻ സഹായകമായ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യുന്നു. 'I am happy' എന്ന് ഓരോ കുട്ടിയും ആത്മാർത്ഥമായി പറയാനുതകുന്ന വിധം വിദ്യാർത്ഥികളിൽ മാനസികവും വൈകാരികവുമായ പക്വത വളർത്തിയെടുക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു. മെഡിറ്റേഷൻ, അംഗീകാരം, സഹായം, കൈത്താങ്ങ്, ദേശസ്നേഹം, കാരുണ്യം, ആന്തരീക അച്ചടക്കം, എന്നിവയിലൂടെ വിദ്യാർത്ഥികളെ ശാന്തസ്വഭാവമുള്ളവരും ജീവിത പ്രതിസന്ധികളെ പക്വതയോടെ നേരിടാനുള്ള ആത്മധൈര്യമുള്ളവരുമാക്കി വളർത്തുന്നു.

# പ്രതീക്ഷിത നേട്ടങ്ങൾ

**1. ഭൗതികം**

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ കായികശേഷി വർദ്ധിപ്പിക്കാനുതകുന്ന വിധം വിദ്യാലയ മുറ്റം നവീകരിക്കൽ

**2. സാമൂഹികം**

കുട്ടികളിൽ 'I am Happy' എന്ന ആശയം വളർത്തുക വഴി ശാന്തതയുള്ള, പക്വതയുള്ള ജീവിതപ്രശ്നങ്ങളെ സമചിത്തതോയെടെ നോക്കിക്കണ്ട് പരിഹരിക്കാൻ കഴിവുള്ള ഒരു തലമുറയെ വാർത്തെടുക്കുക.

**3. അക്കാദമികം**

5 മുതൽ 10 വരെയുള്ള എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച മികച്ച നിലവാരത്തിൽ എത്തിച്ചേരാനുള്ള കഴിവ് നേടുന്നു.

# മോണിറ്ററിംഗ് രീതി

പ്രധാനാധ്യാപികയുടെയും പി.ടി.എ. അംഗങ്ങളുടെയും സബ്ജക്ട് കൗൺസിൽ അധ്യാപകരുടെയും നേതൃത്വത്തിൽ നിരന്തരം മൂല്യനിർണ്ണയം നടത്തുന്നു. പഠനപ്രവർത്തനങ്ങൾ, മിഡ് ടേം ഇവാലുവേഷൻ, ടേം ഇവാലുവേഷൻ എന്നിവയിലൂടെ മോണിറ്ററിംഗ് നടത്തുന്നു. വിദ്യാലയത്തിന്റെ ഭൗതികവും അക്കാദമികവുമായ പ്രവർത്തനങ്ങൾ മാനേജ്മെന്റ് തലത്തിലും മോണിറ്ററിംഗ് നടത്തുന്നു.

# ഉപസംഹാരം

ആലപ്പുഴ പുന്നമട കായലിൽ വള്ളംകളി നടക്കുമ്പോൾ അനേകം വള്ളങ്ങൾ ഒന്നാം സ്ഥാനമെന്ന ലക്ഷ്യത്തിലെത്താൻ ആഞ്ഞുതുഴയുന്നു. ഇവിടെ തിരുഹൃദയ വിദ്യാലയത്തിൽ പഠന പാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റവും മനോഹരമാക്കാനും വിദ്യാലയത്തെ അന്തർദേശീയ നിലവാരത്തിലെത്തിക്കാനും പ്രധാനാധ്യാപികയും അധ്യാപകരും പി.ടി.എ, എം.പി.ടി.എ. അംഗങ്ങളും മറ്റു അഭ്യുദയകാംക്ഷികളും അക്ഷീണം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

****